2025 ഒക്ടോബർ 17 വെള്ളി

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ




## ഹിജാബ് വിവാദം; കുട്ടിയുടെ ടിസി വാങ്ങും, തീരുമാനത്തിൽ ഉറച്ച് പിതാവ്

# വ്യാജ പ്രചാരണങ്ങളിൽ നിയമ നടപടി

കൊച്ചി: പള്ളുരുത്തി ഹിജാബ് വിവാദത്തിൽ പ്രതികരണവുമായി വിദ്യാർത്ഥിനിയുടെ പിതാവും അഭിഭാഷകനും. വിദ്യാർത്ഥിനിയെ ടിസി വാങ്ങി മറ്റൊരു സ്കൂളിൽ ചേർക്കുമെന്ന് പിതാവ് ആവർത്തിച്ചു. കുട്ടി മാനസീകമായി ബുദ്ധിമുട്ടിലാണെന്നും അതുകൊണ്ടാണ് ഇങ്ങനെ ഒരു തീരുമാനം എന്നും അദ്ദേഹം വ്യക്തമാക്കി. കൂടാതെ മതേതര വസ്ത്രങ്ങൾ അനുവദനീയമെന്നാണ് സ്കൂൾ അധികൃതർ പറയുന്നത്, എൻറെ മകൾ ധരിച്ച ഷോൾ മതേതരമല്ലേ എന്നും പിതാവ് ചോദിച്ചു. അതുപോലെ, കുട്ടിക്കും കുടുംബത്തിനുമെതിരെ വ്യാജ പ്രചാരണങ്ങൾ നടക്കുന്നു എന്നും നിയമനടപടി സ്വീകരിക്കും എന്നും കുട്ടിയുടെ പിതാവിന്റെ അഭിഭാഷകൻ വ്യക്തമാക്കി.

വിഷയത്തിൽ സ്കൂളിന് സംരക്ഷണം നൽകിയ ഹൈക്കോടതിക്ക് ഇന്ന് രാവിലെ സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ ഹെലീന ആൽബി നന്ദി അറിയിച്ചിരുന്നു. വിദ്യാഭ്യാസ മന്ത്രിക്കും നന്ദി അറിയിച്ചു. സ്കൂൾ നിയമങ്ങൾ അനുസരിക്കാൻ തയാറാണെങ്കിൽ വിദ്യാർത്ഥിനിക്ക് സ്കൂളിൽ പഠനം തുടരാമെന്നും അവർ മാധ്യമങ്ങളോട് പറഞ്ഞു. ഭസ്കൂളിന് സംരക്ഷണം നൽകിയ ഹൈക്കോ




ടതിക്ക് നന്ദി. സ്കൂളിലെ നിയമങ്ങൾ അനുസരിച്ച് വിദ്യാർത്ഥിനി വന്നാൽ തുടരാം. കുട്ടികൾക്ക് വേണ്ടതെല്ലാം സ്കൂൾ നൽകുന്നുണ്ട്. കുട്ടി സ്കൂളിൽ നിന്ന് ടിസി വാങ്ങാൻ തീരുമാനിച്ച കാര്യം അറിയില്ല. കോടതിയെയും സർക്കാരിനെയും ബഹുമാനിക്കുന്നു. കോടതിയുടെ മുന്നിലുള്ള വിഷയങ്ങളിൽ നിയമം അതിന്റെ വഴിക്ക് പോകട്ടെ'- സിസ്റ്റർ ഹെലീന ആൽബി പറഞ്ഞു.

ഹിജാബ് വിവാദത്തിൽ സ്കൂൾ മാനേജ്മെൻറിനെതിരെ കടുത്ത വിമർശനവുമായി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. കുട്ടി സ്കൂൾ വിടാൻ കാരണക്കാരായവർ മറുപടി പറയേണ്ടിവരുമെന്ന് മന്ത്രി മാധ്യമങ്ങളോട് പ്രതികരിച്ചു. ഹിജാബിനെതിരെ സംസാരിച്ചത് ശിരോവസ്ത്രമിട്ട പ്രിൻസിപ്പാളാണെന്നും വി ശിവൻകുട്ടി വിമർശിച്ചു.

പള്ളുരുത്തി സെന്റ് റീത്താസ് ഹൈസ്കൂളിൽ തുടരാൻ മകൾക്ക് താൽപര്യമില്ലെന്നും കുട്ടിയെ സ്കൂൾ മാറ്റുമെന്നും പിതാവ് അറിയിച്ചതിന് പിന്നാലെയാണ് മന്ത്രിയുടെ പ്രതികരണം. അതേസമയം, പാലക്കാട്ടെ 14 കാരൻറെ ആത്മഹത്യയിൽ വിദ്യാഭ്യാസ വകുപ്പ് വിശദമായ അന്വേഷണം നടത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഡിഡിഇയുടെ അന്വേഷണ റിപ്പോർട്ട് തൃപ്തികരമായിരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 'കഴിവ് ഒരു മാനദണ്ഡമാണോ': കെപിസിസി ഭാരവാഹി പട്ടികയിൽ അതൃപ്തി രേഖപ്പെടുത്തി ഷമാ മുഹമ്മദ്



ന്യൂഡൽഹി: കെപിസിസി ഭാരവാഹി പട്ടികയിൽ പരസ്യമായി അതൃപ്തി രേഖപ്പെടുത്തി വനിതാ നേതാവും ദേശീയ വക്താവുമായ ഷമാ മുഹമ്മദ്. ഭാരവാഹി പട്ടിക പുറത്തുവന്നതിനു പിന്നാലെ കഴിവ് ഒരു മാനദണ്ഡമാണോയെന്നാണ് ഷമ ഫെയ്സ്ബുക്കിൽ കുറിച്ചത്. സംസ്ഥാന രാഷ്ട്രീയത്തിൽ സജീവമാകുന്നതിന്റെ ഭാഗമായി പുനസംഘടനയിൽ പരിഗണിക്കണമെന്ന് നേതൃത്വത്തോട് ഷമ നേരത്തെ തന്നെ ആവശ്യപ്പെട്ടിരുന്നു. കണ്ണൂർ ഡിസിസിയുടെ പരിപാടികളിലും സമരങ്ങളിലും ഷമ അടുത്തിടെ സജീവമായിരുന്നു. എന്നിട്ടും പുനഃസംഘടനയിൽ ഇടം ലഭിക്കാത്തതാണ് ഷമയെ പ്രകോപിച്ചത്. ഷമയ്ക്ക് പിന്നാലെ സ്ഥാനം ലഭിക്കാത്ത കൂടുതൽ നേതാക്കൾ പരസ്യ പ്രതിഷേധവുമായി രംഗത്തെത്തുമോയെന്നാണ് നേതാക്കൾക്ക് ആശങ്ക. 9 വനിതകൾക്കാണ് ഭാരവാഹി പട്ടികയിൽ അവസരം ലഭിച്ചത്. രമ്യ ഹരിദാസ് വൈസ് പ്രസിഡന്റായപ്പോൾ ബാക്കി എട്ടു വനിതകൾക്ക് ജനറൽ സെക്രട്ടറി പദം നൽകി.

## അസമിലെ സൈനിക ക്യാമ്പിന് നേരെ ഗ്രനേഡ് ആക്രമണം; മൂന്ന് സൈനികർക്ക് പരിക്ക്

ദിസ്പൂർ: അസമിലെ ടിൻസുകിയ ജില്ലയിലെ കക്കോപഥാറിൽ പ്രദേശവാസികളെ പരിഭ്രാന്തിയിലാക്കി ഇന്നലെ രാത്രി കനത്ത വെടിവെപ്പും ഗ്രനേഡ് സ്ഫോടനങ്ങളും. കക്കോപഥാർ സൈനിക ക്യാമ്പിന് സമീപം ഒരു മണിക്കൂറോളം വെടിവെപ്പ് നടന്നതായി പ്രദേശവാസികൾ പറഞ്ഞു.

ഇന്ത്യൻ ആർമിയുടെ 19 ഗ്രനേഡിയേഴ്സ് യൂണിറ്റ് ക്യാമ്പ് ലക്ഷ്യമിട്ടാണ് ഗ്രനേഡ് ആക്രമണം നടന്നതെന്നാണ് പ്രാഥമിക വിവരം. സ്ഫോടനത്തിൽ മൂന്ന് സൈനികർക്ക് പരിക്കേറ്റതായി സുരക്ഷാ വൃത്തങ്ങൾ അറിയിച്ചു. സംഭവത്തെ തുടർന്ന് സൈന്യവും പോലീസും പ്രദേശം വളഞ്ഞ് സഞ്ചാരത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആക്രമണം നടത്തിയവരെ കണ്ടെത്താനായി തിരച്ചിൽ പുരോഗമിക്കുകയാണ്.

ആക്രമണത്തിന് ഉപയോഗിച്ചതെന്ന് കരുതുന്ന ഒരു ട്രക്ക് പിന്നീട് അയൽ സംസ്ഥാനമായ അരുണാചൽ പ്രദേശിലെ തെംഗാപാനി മേഖലയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതായി അധികൃതർ പറഞ്ഞു.

ആക്രമണത്തിന്റെ ഉത്തരവാദിത്തം ഇതുവരെ ഒരു സംഘടനയും ഏറ്റെടുത്തിട്ടില്ല. എന്നിരുന്നാലും, അപ്പർ അസമിൽ സമാനമായ ആക്രമണങ്ങൾ നടത്താറുള്ള ഉൾഫ (സ്വതന്ത്ര) വിഭാഗമാണ് ഇതിന് പിന്നിലെന്നും സൂചനയുണ്ട്.

## മരം വെട്ടുന്നതിനിടയിൽ തടി ദേഹത്തേക്ക് വീണ് തൊഴിലാളിക്ക് ദാരുണാന്ത്യം

ഹരിപ്പാട്: മരം വെട്ടുന്നതിനിടയിൽ തടി വീണു തൊഴിലാളി മരിച്ചു. ആലപ്പുഴയിലെ കാർത്തികപ്പള്ളി സ്വദേശി കെ സന്തോഷ് (52) ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരം 6 മണിയോടെ ഹരിപ്പാട് കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപത്തെ വീട്ടിൽ മരം മുറിക്കുന്നതിനിടയിലാണ് അപകടം ഉണ്ടായത്.

മുറിച്ച മരം വലിച്ചു താഴെയിട്ടപ്പോൾ ദേഹത്തേക്ക് വീഴുകയായിരുന്നു. കാൽ മണ്ണിൽ പതഞ്ഞതിനാൽ സന്തോഷിന് ഓടി മാറാൻ കഴിഞ്ഞില്ല. ഒപ്പമുണ്ടായിരുന്നവർ ഉടൻ തന്നെ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അമ്മ: ലക്ഷ്മിക്കുട്ടി. ഭാര്യ : ബിന്ദു, മക്കൾ: സന്ദീപ്, അപർണ.

## ശബരിമല സ്വർണക്കൊള്ള; പ്രതി പട്ടികയിൽ ഉൾപ്പെട്ട മുരാരി ബാബുവിന്റെ രാജി എഴുതി വാങ്ങി എൻഎസ്എസ്

പത്തനംതിട്ട: ശബരിമല സ്വർണക്കൊള്ളയിൽ പ്രതി പട്ടികയിൽ ഉൾപ്പെട്ട , മുരാരി ബാബുവിന്റെ രാജി എൻഎസ്എസ് എഴുതി വാങ്ങി. എൻഎസ്എസ് പെരുന്ന കരയോഗം വൈസ് പ്രസിഡന്റായിരുന്നു മുരാരി ബാബു. വിവാദ കാലയളവിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫിസറായിരുന്ന മുരാരി ബാബുവിനെ ദേവസ്വം ബോർഡ് സസ്പെൻഡ് ചെയ്തിരുന്നു.

വ്യാഴാഴ്ച രാജി എഴുതി വാങ്ങി. ഞായറാഴ്ചത്തെ കരയോഗം പൊതുയോഗം ഇത് അംഗീകരിച്ചു. എൻഎസ്എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരുടെ ആവശ്യപ്രകാരമാണ് രാജി എഴുതിവാങ്ങിയത്. ശബരിമലയിൽ ആരോപണം ഉയർന്ന പശ്ചാത്തലത്തിലാണ് രാജി എഴുതി വാങ്ങിയത്.

സ്വർണം പൂശിയ ദ്വാരപാലക ശിൽപ്പങ്ങൾ ചെമ്പ് തകിട് എന്ന് തെറ്റായി രേഖപ്പെടുത്തി ഗുരുതര വീഴ്ചവരുത്തിയതായി കണ്ടെത്തിയതിനെ തുടർന്നാണ് മുരാരി ബാബുവിനെ സസ്പെൻഡ് ചെയ്തത്. ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് ശബരിമലയിൽ വഴി വിട്ട ഇടപെടലിനു മുരാരി ബാബു മുൻപും അവസരം ഒരുക്കിയെന്നു ദേവസ്വം വിജിലൻസ് കണ്ടെത്തിയിരുന്നു.

## കുന്നംകുളത്ത് ഹെർണിയ ഓപ്പറേഷനിടെ രോഗിക്ക് ദാരുണാന്ത്യം; ചികിത്സാ പിഴവ് ആരോപിച്ച് കുടുംബം





തൃശൂർ: ആശുപത്രിയിലെ തൃശൂരിൽ ചികിത്സക്കിടെ യുവാവ് മരിച്ചതിൽ ചികിത്സാ പിഴവ് ആരോപിച്ച് ബന്ധുക്കളുടെ പ്രതിഷേധം. കുന്നംകുളം ഇട്ടിമാണി ആശുപത്രിയിലാണ് ചികിത്സക്കിടെ യുവാവ് മരിച്ചത്. ആശുപത്രിയിൽ പ്രതിഷേധവുമായി ബന്ധുക്കളെത്തി. തുടർന്ന് പൊലീസ് സ്ഥലത്തെത്തി. തൃശൂർ ചിറമനേങ്ങാട് സ്വദേശി ഇല്യാസ് (41) ആണ് മരിച്ചത്.

ഹെർണിയ ശസ്ത്രക്രിയയ്ക്കിടെയാണ് മരണം. ആശുപത്രി അധികൃതരുടെ അനാസ്ഥയെ തുടർന്നാണ് ഇല്യാസിന് ജീവൻ നഷ്ടമായതെന്ന് ബന്ധുക്കൾ ആരോപിച്ചു. അനസ്തേഷ്യയിലെ പിഴവാണെന്ന് ബന്ധുക്കൾ ആരോപിച്ചു. കുന്നംകുളം പൊലീസ് സ്ഥലത്ത് എത്തി. ആശുപത്രിയിൽ രാത്രി വൈകിയും പ്രതിഷേധം തുടർന്നു. ആശുപത്രിക്കെതിരെ പരാതിയുമായി മുന്നോട്ടുപോകുമെന്നും ബന്ധുക്കൾ അറിയിച്ചു.

ഇന്നലെ വൈകിട്ട് 4.30ഓടെയാണ് ചികിത്സക്കായി ഇല്യാസ് ആശുപത്രിയിലെത്തുന്നത് എത്തുന്നത്. തുടർന്ന് ഹെർണിയ അസുഖത്തിന് അടിയന്തര ശസ്ത്രക്രിയക്ക് നിർദേശിക്കുകയായിരുന്നു. രാത്രി എട്ടരോടെയാണ് ശസ്ത്രക്രിയക്കിടെ യുവാവ് മരിച്ചതായി ആശുപത്രിയിലെ ഡോക്ടർമാർ അറിയിച്ചത്. തുടർന്നാണ് ബന്ധുക്കൾ പ്രതിഷേധവുമായി രംഗത്തെത്തിയത്.

ഓപ്പറേഷനിടെ ശ്വാസം എടുക്കാനുണ്ടായ ബുദ്ധിമുട്ടിനെ തുടർന്നാണ് മരണമെന്നാണ് ആശുപത്രി അധികൃതരുടെ വിശദീകരണം. എന്നാൽ, അനസ്തേഷ്യ നൽകിയതിലെ പിഴവാണ് മരണത്തിന് കാരണമെന്നാണ് ബന്ധുക്കളുടെ ആരോപണം. അനസ്തേഷ്യ നൽകിയതിൽ അപാകതയുണ്ടായെന്നും കയ്യബദ്ധം സംഭവിച്ചുവെന്നും ഡോക്ടർമാർ തങ്ങളോട് പറഞ്ഞുവെന്നാണ് ബന്ധുക്കൾ ആരോപിക്കുന്നത്.

## സ്വർണം ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കിൽ, പവന് ഒറ്റയടിക്ക് കൂടിയത് 2,840 രൂപ

തിരുവനന്തപുരം : സംസ്ഥാനത്ത് സ്വർണ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കിൽ . ഇന്ന് പവന് ഒറ്റയടിക്ക് കൂടിയത് 2,840 രൂപയാണ്. ഇതോടെ പവന് 97,360 രൂപയായി. ഗ്രാമിന് 355 രൂപ കൂടി 12170 രൂപയായി. ഈ മാസം 17



ദിവസത്തിൽ ഒരു പവന് കൂടിയത് 10360 രൂപയാണ്. രാജ്യാന്തര വിലയുടെ ചുവടുപിടിച്ചാണ് കേരളത്തിൽ സ്വർണവിലയുടെ കുതിച്ചുകയറ്റം. ഇന്നലെ ഒരു പവന് 94,920 രൂപയായായിരുന്നു. ഈ മാസം 8 നാണ് സ്വർണവില ആദ്യമായി 90,000 കടന്നത്. തൊട്ടടുത്ത ദിവസം 91,000 കടന്ന് കുതിച്ച സ്വർണവിലയാണ് ഇന്ന് രാവിലെ വൻകുതിപ്പ് നടത്തിയത് സെപ്റ്റംബർ 9 നാണ് സ്വർണവില ആദ്യമായി 80000 പിന്നിട്ടത്. തുടർന്നുള്ള ദിവസങ്ങളിൽ ഓരോ ദിവസവും റെക്കോർഡുകൾ ഭേദിച്ച് സ്വർണവില കുതിക്കുന്ന കാഴ്ചയാണ് ദൃശ്യമായത്.

## ഉണ്ണികൃഷ്ണൻ പോറ്റി 30 വരെ കസ്റ്റഡിയിൽ; കോടതി നടപടികൾ നടന്നത് അതീവരഹസ്യമായി

ശബരിമല സ്വർണക്കൊള്ളക്കേസിൽ ഉണ്ണികൃഷ്ണൻ പോറ്റിയെ കോടതി പൊലീസ് കസ്റ്റഡിയിൽ വിട്ടു. ഒക്ടോബർ 30 വരെ 14 ദിവസത്തേക്കാണ് കസ്റ്റഡി അനുവദിച്ചിരിക്കുന്നത്. പൂർണമായും രഹസ്യനടപടികളാണ് കോടതി സ്വീകരിച്ചത്. പ്രതിഭാഗം അഭിഭാഷകനും പബ്ലിക് പ്രോസിക്യൂട്ടറും അന്വേഷണ ഉദ്യോഗസ്ഥനും പ്രതിയും മാത്രമാണ് കോടതി മുറിക്കുള്ളിൽ ഉണ്ടായിരുന്നത്.



വൈദ്യപരിശോധനയ്ക്ക് ശേഷം ഉടൻതന്നെ തിരുവനന്തപുരത്തെ ക്രൈംബ്രാഞ്ച് ഓഫീസിലേക്ക് എത്തിച്ചേക്കും. അല്ലെങ്കിൽ പത്തനംതിട്ടയിലെ തന്നെ ഏതെങ്കിലുമൊരു ക്യാമ്പിലെത്തിച്ച് ചോദ്യംചെയ്യും. അതിനു ശേഷമായിരിക്കും അന്വേഷണ സംഘം തെളിവെടുപ്പ് അടക്കമുള്ള കാര്യങ്ങളിലേക്ക് കടക്കുക. ഇതിനിടെ കോടതിയിൽ വച്ച് അഭിഭാഷകനുമായി പത്ത് മിനിട്ട് സംസാരിക്കാൻ അനുമതി നൽകിയിട്ടുണ്ട്.നിലവിൽ രണ്ട് കേസുകളിലാണ് ഉണ്ണികൃഷ്ണൻ പോറ്റി അറസ്റ്റിലായിട്ടുള്ളത്. ഉണ്ണികൃഷ്ണൻ പോറ്റിയെ ഹൈദരാബാദ് അടക്കമുള്ളയിടങ്ങളിൽ എത്തിച്ചായിരിക്കും തെളിവെടുപ്പ് നടത്തുന്നത്. ഇതുവരെ തൊണ്ടിമുതലൊന്നും കണ്ടെത്താനായിട്ടില്ല. ഉണ്ണികൃഷ്ണൻ പോറ്റിക്ക് പിന്നിൽ ആരൊക്കെയുണ്ട് എന്നും കണ്ടെത്തേണ്ടതുണ്ട്. ആറാഴ്ച സമയമാണ് ഹൈക്കോടതി പ്രത്യേക അന്വേഷണ സംഘത്തിന് നൽകിയിട്ടുള്ളത്.സ്വർണക്കൊള്ളയ്ക്ക് പിന്നിൽ വൻ ഗൂഢാലോചനയുണ്ടെന്നാണ് ഉണ്ണികൃഷ്ണൻ പോറ്റി അന്വേഷണ സംഘത്തിന് നൽകിയ മൊഴി. ദേവസ്വം ഉദ്യോഗസ്ഥർക്കെതിരെയും മൊഴി നൽകിയിട്ടുണ്ട്. ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് കൽപേഷ് എന്നയാളെ കൊണ്ടുവന്നതെന്നും ഇയാൾ വ്യക്തമാക്കി. ആരാണ് കൽപേഷ് എന്നതിനെക്കുറിച്ച് അന്വേഷണ ഉദ്യോഗസ്ഥർക്ക് വിവരം ലഭിച്ചിട്ടുണ്ടെന്നാണ് സൂചന.

ശബരിമല ശിൽപ്പങ്ങളിലെ സ്വർണം ഉരുക്കി കൊള്ള നടത്തിയതിന് പിന്നിലെ ഗൂഢാലോചന പുറത്ത് കൊണ്ടുവരികയെന്ന വലിയ ഉത്തരവാദിത്തമാണ് പ്രത്യേക അന്വേഷണ സംഘത്തിനുള്ളത്. ഉണ്ണികൃഷ്ണൻ പോറ്റിയും സ്മാർട്ട് ക്രിയേഷൻും നടത്തിയ ഇടപാടുകളിൽ ദേവസ്വം ബോർഡിലെ ആരൊക്കെ പങ്കാളികളായി എന്നാണ് ഇനി അറിയേണ്ടത്. 474 ഗ്രാം സ്വർണം ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് തിരിച്ച് നൽകിയെന്ന് സ്മാർട്ട് ക്രിയേഷൻ നൽകിയ മൊഴി എങ്കിലും 11 ഗ്രാം സ്വർണം കൂടി ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈയ്യിൽ അധികമായി ഉണ്ടെന്നാണ് രേഖകൾ. കൊള്ള നടത്തിയ ഉണ്ണികൃഷ്ണൻ സ്വർണം പോറ്റി കൈമാറിയത് ബെംഗളൂരു സ്വദേശി കൽപേഷിനാണെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിൽ കണ്ടെത്തൽ.

## പാടത്ത് വിളവെടുക്കുന്നതിനിടെ ഇടിമിന്നലേറ്റു; നാല് സ്ത്രീകൾക്ക് ദാരുണാന്ത്യം



ചെന്നൈ: തമിഴ്നാട്ടിലെ കടലൂർ വെപ്പൂരിനടുത്ത് പാടത്ത് ജോലി ചെയ്യുന്നതിനിടെ നാല് സ്ത്രീകൾ ഇടിമിന്നലേറ്റ് മരിച്ചു. അരിയാനച്ചി ഗ്രാമത്തിലെ ചോളപ്പാടത്ത് വിളവെടുക്കുന്നതിനിടെയാണ് സ്ത്രീകൾക്ക് ഇടിമിന്നലേറ്റത്. കൃഷിയിടത്തിന്റെ ഉടമ രാജേശ്വരി, കണിത, ചിന്ന പൊന്നു, പാരിജാതം എന്നിവരാണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന തവമണിക്കും മിന്നലേറ്റു.

കടലൂർ ജില്ലാ പോലീസ് സൂപ്രണ്ട് ജയകുമാർ, തിട്ടക്കുടി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പാർത്ഥിബൻ തുടങ്ങിയവർ സ്ഥലത്തെത്തി.കർഷകത്തൊഴിലാളികളുടെ മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിനായി മുണ്ടിയമ്പക്കം സർക്കാർ മെഡിക്കൽ കോളജിലേക്ക് മാറ്റി.

തമിഴ്നാട്ടിൽ വടക്കുകിഴക്കൻ മൺസൂൺ ആരംഭിച്ചതിനാൽ, കഴിഞ്ഞ രണ്ട് ദിവസമായി കനത്ത മഴ തുടരുകയാണ്.

ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും ഇടിമിന്നലുള്ളപ്പോൾ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കരുതെന്നും അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

## അതീവ ജാഗ്രത; ഏഴ് ജില്ലകളിൽ യെല്ലോ അലർട്ട്



തിരുവനന്തപുരം: സംസ്ഥാനത്ത് തുലാവർഷം സജീവമാകുന്നു. തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. എറണാകുളത്ത് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ യെല്ലോ മുന്നറിയിപ്പുണ്ട്.

ഉച്ചയ്ക്കു ശേഷമുള്ള ഇടിമിന്നലോട് കൂടിയ മഴയാണ് തുലാവർഷത്തിന്റെ പ്രത്യേകത. മലയോര മേഖലകളിൽ ഇടിമിന്നലും കാറ്റോടു കൂടിയ മഴയ്ക്കാണ് സാധ്യത. ശക്തമായ കാറ്റിനും കടൽ പ്രക്ഷുബ്ധമാകാനും സാധ്യതയുള്ളതിനാൽ കേരള, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കന്യകുമാരി തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

## അട്ടപ്പാടിയിൽ ഉൾവനത്തിൽ കുഴിച്ചിട്ട ആദിവാസി സ്ത്രീയുടെ മൃതദേഹം കണ്ടെത്തി; മൃതദേഹം പുറത്തെടുക്കാനുള്ള ശ്രമം ആരംഭിച്ചു



പാലക്കാട്: അട്ടപ്പാടിയിൽ ഉൾവനത്തിൽ കുഴിച്ചിട്ട ആദിവാസി സ്ത്രീയുടെ മൃതദേഹം കണ്ടെത്തി. ഇലച്ചിവഴി ആഞ്ചക്കക്കൊമ്പിൽ വള്ളിയമ്മ(45)യുടെ മൃതദേഹമാണ് കണ്ടെത്തിയത്. മൃതദേഹം പുറത്തെടുക്കാനുള്ള ശ്രമം ആരംഭിച്ചു.

രണ്ട് മാസം മുൻപാണ് ഇവരെ കാണാതായത്. വള്ളിയമ്മയുടെ മക്കൾ പൊലീസിൽ പരാതി നൽകിയതോടെയാണ് അന്വേഷണം ആരംഭിച്ചത്. തുടർന്ന് കൂടെ താമസിച്ചിരുന്ന പഴനിയെ പുതൂർ പൊലീസ് പിടികൂടിയിരുന്നു. വള്ളിയമ്മയെ കൊന്ന് ഉൾവനത്തിൽ കുഴിച്ചിട്ടതായി പഴനി വെളിപ്പെടുത്തിയിരുന്നി. ഇതനുസരിച്ചാണ് പൊലീസ് തെരച്ചിൽ നടത്തിയത്.

## വന്യജീവികളിൽ നിന്ന് ജനങ്ങളെ രക്ഷിക്കണം

സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന വലിയൊരു പ്രശ്നമാണ് വന്യജീവി ആക്രമണം. വന്യജീവികളുടെ ആക്രമണത്തിൽ നിരവധി മനുഷ്യ ജീവനുകളാണ് പൊലിയുന്നത്. ഇത് ഒരു തുടർകഥയായി മാറുകയാണ്. വനങ്ങളിൽ ജീവിച്ചിരുന്ന വന്യ മൃഗങ്ങൾ കൃഷിഭൂമികളിലേക്ക് കടന്ന് വന്ന് വ്യാപക നാശനഷ്ടമുണ്ടാക്കുകയാണ്. വന്യമൃഗ ശല്യം കാരണം കൃഷി ചെയ്യാൻപോലുമാകാത്ത അവസ്ഥയാണ്. പല കർഷകരും കൃഷി ഉപേക്ഷിക്കുകയാണ്. കഠിനാദ്ധ്വാനം ചെയ്തുണ്ടാക്കുന്ന കാർഷിക വിളവുകൾ വന്യ മൃഗങ്ങൾ വന്ന് നശിപ്പിക്കുമ്പോൾ എങ്ങിനെയാണ് കർഷകർക്ക് പിടിച്ച് നിൽക്കാനാവുക. 1972ലെ വന്യജീവി സംരക്ഷണ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് മാധവ് ഗാഡ്ഗിലിനെ പോലുള്ളവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യരും, വന്യ ജീവികളും തമ്മിലുള്ള സംഘർഷത്തിന് പലവിധ കാരണങ്ങളുണ്ട്. അതിലൊന്ന് വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയിലേക്കുള്ള മനുഷ്യരുടെ കടന്നുകയറ്റമാണ്. കാടുകളിൽ സൈ്വരജീവിതം നയിച്ചിരുന്ന വന്യമൃഗങ്ങൾക്ക് ഭീഷണി നേരിട്ടപ്പോൾ അവ നാട്ടിലേക്കിറങ്ങുകയാണ്. വന്യമൃഗങ്ങളുടെ പെരുപ്പം തടയാൻ നടപടികളില്ല എന്നതും മറ്റൊരു പ്രശ്നമാണ്. ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യമൃഗങ്ങൾ ഇന്ന് കേരളത്തിനൊരു പേടി സ്വപ്നമാണ്. സംഘടിതമായാണ് ആനകളടക്കമുള്ളവ നാട്ടിലേക്കിറങ്ങുന്നത്. ഇവയെ വനാതിർത്തികളിൽ വെച്ച് തടയാൻ ഫലപ്രദമായ മാർഗങ്ങൾ ഇപ്പോഴും അവലംബിക്കാൻ നമുക്കായിട്ടില്ല എന്നത് വലിയ ചോദ്യ ചിഹ്നമാണ്. ആന, കടുവ, പുലി, പന്നി, കുരങ്ങ് എന്നിവയെല്ലാം യഥേഷ്ടം നാട്ടിലിറങ്ങുകയാണ്. നാട്ടിലിറങ്ങുന്ന ആനക്കൂട്ടങ്ങളെ കാട്ടിലേക്കയച്ചാലും, പിന്നീടവ തിരിച്ചു വരുകയാണ്. വന്യമൃഗങ്ങളിൽ നിന്ന് മനുഷ്യ ജീവന് സംരക്ഷണം നൽകേണ്ട വിഭാഗമാണ് വനപാലകർ. അവരുടെ പ്രവർത്തനം വിമർശിക്കപ്പെടുകയാണ്. കാടിന്റെ അതിർത്തികളിൽ ഫലപ്രദമായ നിരീക്ഷണങ്ങൾ ഇപ്പോഴും ഏർപ്പെടുത്താനോ, ആവശ്യമായ മുന്നറിയിപ്പുകൾ നൽകാനോ വനംവകുപ്പിന് ഇപ്പോഴും സാധിച്ചിട്ടില്ല. വനംവകുപ്പിന്റെ പ്രവർത്തനത്തിന് സർവ്വവിധ സൗകര്യങ്ങളും നൽകണം.

വന്യമൃഗ ശല്യത്തിനെതിരെ നിരവധി സമരങ്ങൾ നടന്നിട്ടും, ഇക്കാര്യത്തിൽ സമ്പൂർണ്ണ പരിഹാരം നിർദ്ദേശിക്കുന്ന ഒരു പരിപാടിയും സർക്കാർ ആവിഷ്ക്കരിച്ചിട്ടില്ല. ബന്ധപ്പെട്ട എല്ലാവരെയും വിളിച്ച് ചേർത്ത് സമഗ്രമായ ചർച്ച നടത്തി, സർക്കാർ-ബഹുജന സംവിധാനത്തിലൂടെ വന്യമൃഗങ്ങളെ ചെറുക്കാൻ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം.

**ഇന്ന് ദാരിദ്ര്യ നിർമ്മാർജ്ജന ദിനം**

# ദാരിദ്ര്യനിർമ്മാർജ്ജനവും സാമൂഹിക പഠനവും

മിനിമം ജീവിതാവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത അവസ്ഥ. സങ്കീർണമായ പല മാനങ്ങളുള്ള പ്രതിഭാസമാണ് ദാരിദ്ര്യം. അതിന്റെ നിർവചനവും വ്യാപ്തി അളക്കലും സങ്കീർണമാണെന്നു മാത്രമല്ല, എല്ലാവർക്കും ഒരുപോലെ സ്വീകാര്യമാകണമെന്നുമില്ല. പലപ്പോഴും ദാരിദ്ര്യത്തെ നിർവചിക്കാനുപയോഗിക്കുന്ന പദാവലിയും രീതിയും അതിനെ എങ്ങനെ അളക്കാം, അതിനെ ഏതു തരത്തിലുള്ള ഇടപെടൽകൊണ്ട് പരിഹരിക്കാം എന്നിവയെ സ്വാധീനിക്കുന്നു. ദാരിദ്ര്യനിർമാർജനം എന്ന ലക്ഷ്യവും നടപടികളും ഇന്ന് ആഗോളതലത്തിൽത്തന്നെ മുഖ്യ ചർച്ചാവിഷയമായിട്ടുണ്ട്. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തിയാൽ ദാരിദ്ര്യം നിർമാർജനം ചെയ്യാം എന്ന നിഗമനത്തിൽ എത്തിയ ലോകബാങ്കും മറ്റു ധനകാര്യ ഏജൻസികളും വികസ്വര രാജ്യങ്ങൾക്ക് ധനസഹായം, നയപരിപാടികൾ വഴിയുള്ള ഇടപെടൽ എന്നിവയ്ക്ക് മുൻഗണന നല്കിയിട്ടുണ്ട്.

ദാരിദ്ര്യം എന്ന പ്രതിഭാസത്തെ നിർവചിച്ചിരിക്കുന്നത് പല തരത്തിലാണ്. മനുഷ്യോചിതമായ നിലനില്പിന് ആവശ്യമായ മിനിമം അടിസ്ഥാന ജീവിതാവശ്യങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയെ പ്രാഥമിക ദാരിദ്ര്യം എന്ന് വിളിക്കുന്നു. ജീവിതം നിലനിർത്താനാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യസംരക്ഷണം എന്നിവ ലഭ്യമല്ലാത്ത അവസ്ഥയെ കേവല ദാരിദ്ര്യം എന്നു വിളിക്കാം. എന്നാൽ സമൂഹത്തിൽ ജനങ്ങൾ പല തട്ടിലാണ് ജീവിക്കുന്നത്. മുകൾത്തട്ടിലുള്ളവരുടെ ജീവിതസ്ഥിതി ഏറ്റവും താഴെ തട്ടിലുള്ള ജനങ്ങളുടെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോഴാണ് ആപേക്ഷിക ദാരിദ്ര്യം എന്ന പ്രതിഭാസം തെളിയുന്നത്. ഇതിന്, താഴെ തട്ടിലെ പത്ത് ശതമാനം ജനങ്ങളുടെ സ്ഥിതിയെ മുകൾ തട്ടിലെ പത്ത് ശതമാനം ജനങ്ങളുടെ സ്ഥിതിയുമായി താരതമ്യം ചെയ്യുന്നതിനുപരി പത്ത് ശതമാനം വീതം വരുന്ന ഓരോ തട്ടിലുമുള്ള ജനങ്ങളുടെ സ്ഥിതിയുമായി താരതമ്യപ്പെടുത്താവുന്നതാണ്. സമൂഹത്തിൽ ദാരിദ്യത്തിന്റെ കാര്യത്തിൽപ്പോലും നിലനില്ക്കുന്ന അസമത്വം ഇതിൽനിന്നു മനസ്സിലാക്കാം. പ്രത്യേകിച്ചും സാമ്പത്തിക പുരോഗതി ഉണ്ടാകുമ്പോൾ, ആപേക്ഷിക ദാരിദ്ര്യം ഓരോ തട്ടിലുമുള്ള ജനവിഭാഗങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നു മനസ്സിലാക്കാൻ ഈ നിർവചനം സഹായിക്കുന്നു.

ജീവിതാവശ്യങ്ങൾ നിറവേറ്റാൻ മനുഷ്യന് അവശ്യം വേണ്ട കഴിവുകളെ അമർത്യാസെൻ 'കേപ്പബിലിറ്റീസ്' എന്നു വിളിച്ചു. എന്നാൽ ഇതിനോടൊപ്പം അവസരങ്ങളും മനുഷ്യനുണ്ടായിരിക്കണം. കഴിവുകളും അവസരങ്ങളും പരസ്പരപൂരിതങ്ങളാണ്. ജീവൻ നിലനിർത്താനാവശ്യമായ കാര്യങ്ങൾ മാത്രമല്ല മനുഷ്യന്റെ ജീവിതത്തിനു വേണ്ടത്. ആവശ്യങ്ങളുടെ മിനിമം നിർണയിക്കുമ്പോൾ ഇത് പരിഗണിക്കേണ്ടിയിരിക്കുന്നു. വസ്ത്രത്തിന്റെ കാര്യം പറയുമ്പോൾ വെറും നാണം മറയ്ക്കാൻവേണ്ട മിനിമം വസ്ത്രം അല്ല നാം പരിഗണിക്കേണ്ടത്. ഇതുതന്നെയാണ് ഭക്ഷണം, പാർപ്പിടം മുതലായ ജീവിതാവശ്യങ്ങളുടെ കാര്യത്തിലും.

മിനിമം ഭക്ഷണംകൊണ്ട് ഉദ്ദേശിക്കുന്നത് വിശപ്പടക്കാനുള്ള ഭക്ഷണം മാത്രമല്ല, കഴിക്കുന്ന ഭക്ഷണത്തിന്റെ ഘടന, കലോറിമൂല്യം എന്നിവകൂടി പരിഗണിക്കണം എന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിനായി പ്രത്യേക മിനിമം മാനദണ്ഡങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് മിനിമം 2400–2600 കലോറി തരുന്ന ഭക്ഷണമാണ് ഒരു ശരാശരി മനുഷ്യന് അഭികാമ്യം എന്നു നിശ്ചയിക്കുകയാണെങ്കിൽ, അതു ലഭ്യമല്ലാത്ത അവസ്ഥയെ ദാരിദ്ര്യം എന്നു വിശേഷിപ്പിക്കാം. നിശ്ചിത കലോറി മൂല്യമുള്ള ഭക്ഷണം ലഭ്യമാകണമെങ്കിൽ മനുഷ്യന് അതിനുള്ള വരുമാനം ഉണ്ടായിരിക്കണം. വരുമാനമുണ്ടെങ്കിലേ മേല്പറഞ്ഞ മിനിമം കലോറിമൂല്യം കിട്ടാനുള്ള ഭക്ഷണസാധനങ്ങൾ കമ്പോളവിലയ്ക്കു വാങ്ങാൻ കഴിയൂ. മറ്റൊരുതരത്തിൽ പറഞ്ഞാൽ ദാരിദ്ര്യത്തെ 'മിനിമം കലോറി മൂല്യം', 'മിനിമം ഉപഭോഗച്ചെലവ്', 'മിനിമം വരുമാനം' എന്നിവ ലഭ്യമല്ലാത്ത അവസ്ഥ എന്നു വിളിക്കുന്നതിൽ തെറ്റില്ല. ഭക്ഷണസാധനങ്ങൾ ഒരിനം മാത്രമല്ല; പല ഇനങ്ങളും അതിൽ ഉൾ പ്പെടും. അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾ, പച്ചക്കറി, പാൽ, മുട്ട, കാപ്പി, ചായ, പലചരക്ക് സാധനങ്ങൾ എന്നിവയൊക്കെ ചേർന്ന മിനിമം ഭക്ഷ്യക്കൂട കണക്കിലെടുക്കേണ്ടതാണ്. അതിൽ എന്ത് ഉൾ പ്പെടുത്തണം എന്നുള്ള കാര്യം ദാരിദ്ര്യം എന്ന വിഷയം പഠിക്കുന്നവരോ അപഗ്രഥിക്കുന്നവരോ രാഷ്ട്രമോദാരിദ്ര്യം അതോ സമൂഹത്തിലെ പൗരന്മാർതന്നെയോ തീരുമാനിക്കേണ്ടത് എന്ന കാര്യം ചർച്ചാവിഷയമാണ്. ദരിദ്രർതന്നെ തങ്ങളുടെ ദാരിദ്ര്യത്തെ വിലയിരുത്തുന്നതല്ലേ ശരി എന്ന് ചിലർ വാദിക്കുന്നു. ഇതിനായി പങ്കാളിത്ത വിലയിരുത്തൽ/പഠനങ്ങൾ എന്ന രീതി പ്രാബല്യത്തിലുണ്ട്.

> *ജീവിതത്തിൽ അനുഭവപ്പെടുന്നതും ഏതു സമയത്തും ഉണ്ടായേക്കാവുന്നതുമായ ശാരീരിക-മാനസിക-സാമൂഹിക-സാമ്പത്തിക പരാധീനതകൾക്ക് തക്കസമയത്ത് പരിഹാരം നല്കി നീതിയും പരിരക്ഷയും നല്കുന്ന സ്ഥിതി ഉണ്ടായാലേ ദാരിദ്ര്യം എന്ന പ്രതിഭാസത്തെ പൂർണമായും തുടച്ചുനീക്കാൻ കഴിയൂ എന്ന് ചിലർ വാദിക്കുന്നു. പട്ടിണി, ദാരിദ്ര്യം, അനാരോഗ്യം, തൊഴിലില്ലായ്മ, പ്രസവം, കുട്ടികളുടെ പരിചരണം, അപകടങ്ങൾ, മുറിവുകൾ, ശാരീരിക അംഗവൈകല്യം, മാനസികാരോഗ്യത്തകർച്ച, മാറാരോഗങ്ങൾ, വൈധവ്യം, വാർധക്യം എന്നിവ സമൂഹത്തിലെ സമ്പന്നരുടെ കാര്യത്തിലൊഴികെ പരിഹരിക്കാൻ വിഷമമുള്ള പ്രതിഭാസങ്ങളാണ്. ഭൂരിപക്ഷം ജനങ്ങളും ഇവ പരിഹരിക്കാൻ കഴിയാതെ കഷ്ടപ്പെടുന്നവരാണ്. ഈ ഭൂരിപക്ഷത്തിന്റെ സാമൂഹികഘടന സങ്കീർണമാണ്.*

ജീവിതത്തിൽ അനുഭവപ്പെടുന്നതും ഏതു സമയത്തും ഉണ്ടായേക്കാവുന്നതുമായ ശാരീരിക-മാനസിക-സാമൂഹിക-സാമ്പത്തിക പരാധീനതകൾക്ക് തക്കസമയത്ത് പരിഹാരം നല്കി നീതിയും പരിരക്ഷയും നല്കുന്ന സ്ഥിതി ഉണ്ടായാലേ ദാരിദ്ര്യം എന്ന പ്രതിഭാസത്തെ പൂർണമായും തുടച്ചുനീക്കാൻ കഴിയൂ എന്ന് ചിലർ വാദിക്കുന്നു.

പട്ടിണി, ദാരിദ്ര്യം, അനാരോഗ്യം, തൊഴിലില്ലായ്മ, പ്രസവം, കുട്ടികളുടെ പരിചരണം, അപകടങ്ങൾ, മുറിവുകൾ, ശാരീരിക അംഗവൈകല്യം, മാനസികാരോഗ്യത്തകർച്ച, മാറാരോഗങ്ങൾ, വൈധവ്യം, വാർധക്യം എന്നിവ സമൂഹത്തിലെ സമ്പന്നരുടെ കാര്യത്തിലൊഴികെ പരിഹരിക്കാൻ വിഷമമുള്ള പ്രതിഭാസങ്ങളാണ്. ഭൂരിപക്ഷം ജനങ്ങളും ഇവ പരിഹരിക്കാൻ കഴിയാതെ കഷ്ടപ്പെടുന്നവരാണ്. ഈ ഭൂരിപക്ഷത്തിന്റെ സാമൂഹികഘടന സങ്കീർണമാണ്. അനാഥർ, അബലർ, നിരാലംബർ, വിധവകൾ, അംഗവൈകല്യമുള്ളവർ, വയോധികർ, മനോരോഗികൾ, സാംക്രമിക രോഗമുള്ളവർ, ഭിക്ഷക്കാർ, തെരുവുകുട്ടികൾ, നിരക്ഷരർ, വൈദഗ്ധ്യവും പ്രവർത്തനശേഷിയും ഇല്ലാത്തവർ, തൊഴിൽ ഉണ്ടെങ്കിലും മിനിമം ജീവിതാവശ്യങ്ങൾ നിറവേറ്റാൻവേണ്ട വരുമാനമില്ലാത്തവർ, തൊഴിൽ നഷ്ടപ്പെട്ടവർ, സാമൂഹികമായും സാമ്പത്തികമായും താഴെ തട്ടിലും അതിർവരമ്പുകളിലും പിന്നാമ്പുറത്തും ജീവിതം തള്ളിനീക്കുന്നവർ, പട്ടികജാതി-പട്ടികവർഗക്കാർ, ആദിവാസികൾ, പരമ്പരാഗത കൃഷി-വ്യവസായം-മത്സ്യബന്ധനം എന്നീ മേഖലകളിൽ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി രാപ്പകൽ അധ്വാനിക്കുന്നവർ, പരമദരിദ്രർ എന്നിവർ അടങ്ങുന്ന ഒരു സമൂഹമാണ് ഇന്ത്യയിൽ ഉള്ളത്. ഇവരൊക്കെ ദാരിദ്ര്യത്തിന്റെ പിടിയിലാണെന്നു പറയുന്നതിൽ തെറ്റില്ല.

മേല്പറഞ്ഞ വിഭാഗങ്ങളെ പൊതുവായി രണ്ടായി തരം തിരിക്കാം. ഒന്ന്, 'പ്രവൃത്തിയെടുക്കുന്ന ദരിദ്ര വിഭാഗം'. അവർക്ക് തൊഴിലുണ്ട്, എന്നാൽ ദാരിദ്ര്യം വിട്ടുമാറിയിട്ടില്ല. രണ്ട്, 'പ്രവൃത്തിയെടുക്കാത്തതും പ്രവൃത്തിയെടുക്കാനുള്ള വിദ്യാഭ്യാസമോ കരുത്തോ കഴിവോ ഇല്ലാത്തതുമായ ദരിദ്ര വിഭാഗം'. അവർക്ക് തൊഴിലില്ല. പട്ടിണിയും ദാരിദ്ര്യവും അവരുടെ മുഖമുദ്രയാണ്.

ചുരുക്കത്തിൽ, 'ദാരിദ്ര്യം' എന്ന പ്രതിഭാസം പലരെയും പലവിധത്തിലാണ് ബാധിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ദാരിദ്ര്യത്തെ കൃത്യതയോടെ നിർവചിക്കാനും അളക്കാനും ദാരിദ്ര്യനിർമാർജന പദ്ധതികൾ തയ്യാറാക്കാനും വളരെ ബുദ്ധിമുട്ടാണ്.

ദാരിദ്ര്യം എന്ന വിഷയം പഠനത്തിനുവേണ്ടി തിരഞ്ഞെടുത്തവർ പ്രാഥമിക ദാരിദ്ര്യം ദ്വിതീയ ദാരിദ്ര്യം എന്നിവ വ്യത്യസ്തമാണ് എന്നു പറയുന്നു. ആദ്യത്തേത് ദാരിദ്ര്യവും കഷ്ടപ്പാടുമാണ് എങ്കിൽ, ദ്വിതീയ ദാരിദ്ര്യം കുറച്ചുകൂടി കഠിനമായ ഒരു പ്രതിഭാസമാണ്. അതിനെ പരമ ദാരിദ്ര്യം എന്നു വിളിക്കാം. സ്ഥായിയായ ദാരിദ്ര്യം, താത്കാലിക ദാരിദ്ര്യം, അസമത്വവുമായി ബന്ധപ്പെട്ട ദാരിദ്ര്യം തകർച്ചയും ആഘാതവുമായി ബന്ധപ്പെട്ട ദാരിദ്ര്യം സാമൂഹ്യനിഷേധം അഥവാ ഒഴിവാക്കലുമായി ബന്ധപ്പെട്ട ദാരിദ്ര്യം, കഴിവിന്റെയും ശേഷിയുടെയും വീഴ്ച അഥവാ നഷ്ടം മൂലമുണ്ടാകുന്ന ദാരിദ്ര്യം എന്നിങ്ങനെ പല തരത്തിലുമുള്ള ദാരിദ്ര്യ പ്രതിഭാസങ്ങൾ നിലവിലുണ്ട്. ദാരിദ്ര്യം എന്ന പ്രതിഭാസത്തിന് സങ്കീർണമായ സ്വഭാവഗുണങ്ങളുണ്ടെന്നു പറയുന്നത് ഇതുകൊണ്ടാണ്.

എന്നാൽ ദാരിദ്ര്യനിർമാർജന നടപടികൾ എടുക്കണമെങ്കിൽ ദാരിദ്ര്യത്തിന്റെ യഥാർഥ ആഴം അളക്കേണ്ടതുണ്ട്. അതിന് പ്രത്യേക സൂചികകൾ നിർമിക്കേണ്ടിവരും. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്യണം; ദാരിദ്ര്യം പ്രത്യക്ഷമായും പരോക്ഷമായും ദൂരീകരിക്കുന്നതിനുവേണ്ട നടപടികൾ ആവിഷ്കരിച്ച് ഗുണഭോക്താക്കളെ കണ്ടുപിടിച്ച് വേഗം നടപ്പാക്കണം.

കേരളത്തിൽ ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി തുടങ്ങിയ ചില പദ്ധതികളാണ് സ്വയം സഹായസംഘങ്ങൾ കുടുംബശ്രീ എന്നിവ. ദാരിദ്ര്യനിർമാർജനം ഊർജിതപ്പെടുത്താൻ വികേന്ദ്രീകൃത ഭരണവും ആസൂത്രണവും മുൻഗണന നല്കുന്നു. ഇതിൽ ശ്രദ്ധേയമായ വിജയം കണ്ടെത്തിയിട്ടുണ്ട്.

ദരിദ്രരുടെ പങ്കാളിത്തമില്ലാതെ ഇന്ത്യയിലും കേരളത്തിലും മറ്റൊരിടത്തും ദാരിദ്ര്യനിർമാർജന പദ്ധതികൾ വിജയിപ്പിക്കാൻ കഴിയില്ല എന്ന വിശ്വാസം ഇന്ന് ഏതാണ്ട് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

## വിഷൻ 2031; പൊതുമരാമത്ത് വകുപ്പ് സെമിനാർ നാളെ
# മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും

കോഴിക്കോട് : സംസ്ഥാനതല 'വിഷൻ 2031' ന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സെമിനാർ നാളെ (18) കോഴിക്കോട് ബീച്ചിലെ ആസ്പിൻ കോർട്ട്യാർഡിൽ നടക്കും. സെമിനാർ ഉദ്ഘാടനവും നയരേഖ അവതരണവും രാവിലെ 10 മണിക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കും.

തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അധ്യക്ഷനാകും. മേയർ ഡോ. ബീന ഫിലിപ്പ്, എംപിമാരായ എം കെ രാഘവൻ, ഷാഫി പറമ്പിൽ, പിടി ഉഷ, ജില്ലയിലെ എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഷീജ ശശി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കെ ബിജു, ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ്, കേരള സംസ്ഥാന ആസൂത്രണ സമിതി അംഗം ഡോ. കെ രവിരാമൻ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

കേരളത്തിലെ പശ്ചാത്തല വികസന മേഖല സുസ്ഥിരവും സ്മാർട്ടുമായി എങ്ങനെ മെച്ചപ്പെടുത്താം, മാറുന്ന സാങ്കേതികവിദ്യയും നൂതന സംവിധാനങ്ങളും ഉപയോഗപ്പെടുത്തി മേഖല എങ്ങനെ ശക്തിപ്പെടുത്താം എന്നതിൽ ഊന്നി പ്രധാനപ്പെട്ട ആറു വിഷയങ്ങളെ അധികരിച്ച് ചർച്ചയും കരട് നയരേഖ അവതരണവും നടക്കും. രജിസ്ട്രേഷൻ രാവിലെ ഒമ്പതിന് ആരംഭിക്കും. സാമൂഹിക പ്രവർത്തകർ, അക്കാദമിക് വിദഗ്ധർ, സാങ്കേതിക വിദഗ്ധർ, ഗവേഷകർ, വിദ്യാർഥികൾ, കരാറുകാർ, തൊഴിലാളികൾ, സംഘടനാപ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. കേരളത്തെ പുരോഗമനപരവും വികസിതവുമായ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന 'വിഷൻ 2031'-ൽ വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിന് 33 വിഷയങ്ങളിൽ സംസ്ഥാനത്തുടനീളം സെമിനാറുകൾ നടന്നുവരികയാണ്. സംസ്ഥാനം രൂപീകൃതമായിട്ട് 2031-ൽ 75 വർഷം പൂർത്തിയാകുന്നതിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞകാല വളർച്ച വിലയിരുത്തിക്കൊണ്ട് ഭാവിക്കു വേണ്ടിയുള്ള ആശയങ്ങൾ മുന്നോട്ടു വെയ്ക്കുകയാണ് ലക്ഷ്യം. പകൽ 11.30 മുതൽ രണ്ട് വേദികളിലായി ചർച്ചകൾ നടക്കും. ഒന്നാം വേദിയിൽ സുസ്ഥിര ഹൈവെ നിർമാണ രീതികൾ എന്ന വിഷയത്തിൽ ഐഐടി മദ്രാസ് പ്രൊഫസർ ഡോ. ജെ മുരളീകൃഷ്ണൻ സംസാരിക്കും. വേദി രണ്ടിൽ ബിഐഎം സാങ്കേതിക വിദ്യ വിഷയത്തിൽ ഐഐടി പാലക്കാട് അസി. പ്രൊഫസർ ഡോ. സെന്തിൽ കുമാർ സംസാരിക്കും. ഉച്ചയ്ക്ക് 12.30-ന് ആരംഭിക്കുന്ന സെഷനിൽ കാലാവസ്ഥയ്ക്കനുയോജ്യമായ നിർമാണ രീതികൾ ചർച്ചയാവും. വിഷയത്തിൽ കാലാവസ്ഥാ വിദഗ്ധനും ടെറി പ്രൊഫസ്സറുമായ ഡോ. എസ് എൻ മിശ്ര സംസാരിക്കും. ഇതേ സമയം വേദി രണ്ടിൽ പൊതുനിർമികളുടെ ഹരിതനിർമാണം വിഷയത്തിൽ ജിടിസിഎസ് സ്ഥാപകനും ചീഫ് കൺസൾറ്റന്റുമായ ശ്രീഗണേഷ് വി നായർ സംസാരിക്കും. ഉച്ചകഴിഞ്ഞ് 2.30 ന് സ്മാർട്ട് റോഡ്- എഐ സംയോജിത റോഡ് സുരക്ഷ, സർക്കാർ പൈതൃക നിർമിതികളുടെ സംരക്ഷണം എന്നീ വിഷയങ്ങളിൽ എൻഐടി ട്രിച്ചി സിവിൽ എഞ്ചിനിയറിംഗ് പ്രൊഫസർ ഡോ. സാംസൺ മാത്യു, തൃശൂർ ഡിഡി ആർക്കിടെക്സ് ഡയറക്ടർ എംഎം വിനോദ് കുമാർ എന്നിവർ സംസാരിക്കും.

## സംസ്കാര സാഹിതിയുടെ പ്രഥമ പ്രൊഫഷണൽ നാടകോത്സവം
# നാളെ മുതൽ തിരുവനന്തപുരത്ത്

**മികച്ച നാടകത്തിന് കേരളത്തിലെ ഏറ്റവും വലിയ സമ്മാന തുകയായ 55,555 രൂപയും പുരസ്കാരവും**

തിരുവനന്തപുരം: സംസ്കാര സാഹിതി തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രഥമ പ്രൊഫഷണൽ നാടകോത്സവവും സാംസ്കാരികോത്സവവും ഒക്ടോബർ 18 മുതൽ 23 വരെ ഭാരത് ഭവനിലെ 'മണ്ണരങ്ങിൽ' വെച്ച് നടത്തുന്നു. 33 പ്രൊഫഷണൽ നാടകങ്ങളുടെ എൻട്രികളിൽ നിന്ന് വിദഗ്ദ്ധ സമിതി തെരഞ്ഞെടുത്ത മികച്ച അഞ്ച് നാടകങ്ങളാണ് മത്സരത്തിൽ മാറ്റുരയ്ക്കുന്നത്. ഒന്നാം സ്ഥാനം നേടുന്ന നാടകത്തിന് 55,555 രൂപയും പുരസ്കാരവും സമ്മാനിക്കും. കേരളത്തിലെ ഒരു പ്രൊഫഷണൽ നാടകത്തിന് നൽകുന്ന ഏറ്റവും വലിയ സമ്മാനത്തുക എന്ന പ്രത്യേകതയും ഇതിനുണ്ട്. കൂടാതെ വിവിധയിനങ്ങളിൽ മറ്റ് നിരവധി പുരസ്കാരങ്ങളും നൽകുന്നു.

നാളെ വൈകിട്ട് 5 മണിക്ക് കെസി വേണുഗോപാൽ എംപി നാടകോത്സവം ഉത്ഘാടനം ചെയ്യും. ഒക്ടോബർ 22ന് പ്രഥമ സുകുമാർ സ്മാരക പുരസ്കാരം നടൻ ഇന്ദ്രൻസിന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സമ്മാനിക്കും. ഒക്ടോബർ 23ന് സമാപന സമ്മേളനവും പുരസ്കാരരാവും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും.

കെപിസിസി പ്രസിഡന്റ് അഡ്വ. സണ്ണി ജോസഫ്, മുൻ കെപിസിസി പ്രസിഡന്റ് കെ. മുരളീധരൻ, യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് എംപി, സൂര്യ കൃഷ്ണമൂർത്തി, കൃഷ്ണ പൂജപ്പുര തുടങ്ങി കലാ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന സാംസ്കാരിക സമ്മേളനം എല്ലാ ദിവസവും വൈകിട്ട് 5 മണി മുതൽ ആരംഭിക്കും. തുടർന്ന് 6 മണിക്ക് നാടക അവതരണം ഉണ്ടായിരിക്കുന്നതാണ്. സമാപന സമ്മേളനത്തിൽ സാഹിതി തിയറ്റേഴ്സ്, തിരുവനന്തപുരം അവതരിപ്പിക്കുന്ന 250ഓളം വേദികൾ പിന്നിട്ട നാടകം 'മുച്ചീട്ടു കളിക്കാരന്റ മകൾ' അവതരിപ്പിക്കും.

തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസ്കാര സാഹിതി ചെയർമാൻ സിആർ മഹേഷ് എംഎൽഎ, സൂര്യ കൃഷ്ണമൂർത്തി, പയ്യന്നൂർ മുരളി, ജില്ലാ ചെയർമാൻ പൂഴനാട് ഗോപൻ, സംസ്ഥാന വൈസ് ചെയർമാൻ കെആർജി ഉണ്ണിത്താൻ, സംസ്ഥാന ജനറൽ സെക്രട്ടറി കെഎം ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

അവതരിപ്പിക്കുന്ന നാടകങ്ങൾ
ഒക്ടോബർ -18ന് 'വംശം' / അജന്ത തീയറ്റർ ഗ്രൂപ്പ്, തിരുവനന്തപുരം.
ഒക്ടോബർ -19ന് 'ആകാശത്തൊരു കടൽ' / കൊല്ലം അനശ്വര.
ഒക്ടോബർ-20ന്'താഴ്‌വാരം' സൗപർണിക തിരുവനന്തപുരം.
ഒക്ടോബർ -21ന് 'പകലിൽ മറഞ്ഞിരുന്നൊരാൾ' / വള്ളുവനാട് ബ്രഹ്മ.
ഒക്ടോബർ -22ന് 'കാലം പറക്കണ്'/ കോഴിക്കോട് സങ്കീർത്തന.
ഒക്ടോബർ-23 ന് സമാപന സമ്മേളനത്തിൽ 'മുച്ചീട്ടു കളിക്കാരന്റ മകൾ' /സാഹിതി തിയറ്റേഴ്സ്, തിരുവനന്തപുരം.

## വികസന നേട്ടങ്ങൾ ചർച്ച ചെയ്ത് കടലുണ്ടി ഗ്രാമപഞ്ചായത്ത് വികസന സദസ്സ്

കോഴിക്കോട് : ഗ്രാമപഞ്ചായത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നടത്തിയ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് കടലുണ്ടി ഗ്രാമപഞ്ചായത്ത് വികസന സദസ്സ്. പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്തു.

സംസ്ഥാന സർക്കാറിന്റെയും ഗ്രാമപഞ്ചായത്തിന്റെയും വികസന പ്രവർത്തനങ്ങളുടെ അവതരണം, വികസന രേഖ പ്രകാശനം, വികസന പ്രവർത്തനങ്ങളുടെ ചിത്രപ്രദർശനം, ചർച്ച എന്നിവ സദസ്സിന്റെ ഭാഗമായി നടന്നു.

വയോജന സംരക്ഷണ മേഖലയിലെ പ്രവർത്തനം വിപുലീകരിക്കൽ, പഞ്ചായത്തിലെ ഹെൽത്ത് സെന്ററുകളും സബ് സെന്ററുകളും നവീകരിക്കൽ, വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ഇടപെടൽ, ലഹരി ഉപയോഗം തടയാൻ നടപടികൾ, കേന്ദ്രീകൃത ഹോം കെയർ സംവിധാനം നടപ്പാക്കൽ, പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ നവീകരിക്കൽ, കുടിവെള്ള പദ്ധതികളുടെ സംരക്ഷണം, സ്പോർട്സ് കോംപ്ലക്സ് നിർമാണം തുടങ്ങിയ നിർദേശങ്ങൾ ചർച്ചയിൽ ഉയർന്നു.
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി അനുഷ അധ്യക്ഷയായി.

**ആരോഗ്യകേരള**

# ഇഞ്ചിയുടെ പോഷക ഗുണങ്ങൾ



ഇഞ്ചിയിലുള്ള ആൻറിഓക്സിഡന്റുകൾ രോഗപ്രതിരോധശക്തി മെച്ചപ്പെടുത്തുന്നു. മാനസിക പിരിമുറുക്കവും ഉത്കണ്ഠയും കുറയ്ക്കുന്നതിനു സഹായകം. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് ആശ്വാസം പകരുന്നതിനു ഗുണപ്രദം. യാത്രയ്ക്കു പുറപ്പെടും മുന്പ് ഇഞ്ചി ചേർത്ത ചായ കഴിച്ചാൽ യാത്രയ്ക്കിടയിൽ മനംപിരട്ടലിനും ഛർദിക്കുമുള്ള സാധ്യത കുറയ്ക്കാം. ഇഞ്ചി നിരവധി രോഗങ്ങൾക്കു മരുന്നായി ഉപയോഗിക്കാമെന്ന് വിവിധ പഠനങ്ങൾ പറയുന്നു.

**ഇഞ്ചിയിലെ പോഷകങ്ങൾ**

വിറ്റാമിൻ എ, സി, ഇ, ബി കോംപ്ലക്സ്; ധാതുക്കളായ മഗ്നീഷ്യം, ഫോസ്ഫറസ്, പൊട്ടാസ്യം, സോഡിയം, ഇരുന്പ്, കാൽസ്യം; ആൻറി ഓക്സിഡൻറായ ബീറ്റാ കരോട്ടിൻ തുടങ്ങിയ പോഷകങ്ങളും ഇഞ്ചിയിൽ ധാരാളം.

**ദഹനക്കേടുമാറാൻ**

ദഹനക്കേടും വയറുവേദനയുമൊക്കെ ഉണ്ടാകുന്പോൾ ഇഞ്ചിയും ഉപ്പും ചേർത്തു ചതച്ചതു കഴിക്കുമായിരുന്നു പഴമക്കാർ.ആമാശയ സ്തംഭനം ഒഴിവാക്കാൻ ഇഞ്ചി ഫലപ്രദം; ആമാശയവ്യവസ്ഥയിലെ പേശികൾ അയവുള്ളതാക്കാൻ സഹായകം. ഗ്യാസ് നിറഞ്ഞ് വയർ വീർത്തു വരുന്നതു തടയുന്നു. ദഹനം സുഗമമാക്കുന്നതിനു ഭക്ഷണശേഷം ഇഞ്ചി കഴിച്ചാൽ മതി. ഭക്ഷ്യവിഷബാധ തടയുന്നതിനും ഇഞ്ചി ഫലപ്രദമെന്നു പഠനങ്ങൾ പറയുന്നു.

തൊണ്ടവേദന തടയുന്നതിന് സ്വാഭാവിക വേദനസംഹാരിയാണ് ഇഞ്ചി. തൊണ്ടവേദനയും മറ്റ് അസ്വസ്ഥതകളും അകറ്റുന്നതിനു സഹായകം. ജലദോഷത്തെ തുടർന്നുണ്ടാകുന്ന ചുമ അകറ്റുന്നതിന് ഇഞ്ചി ഗുണപ്രദം. ശ്വാസകോശങ്ങളിൽ തങ്ങിനിൽക്കുന്ന കഫം ഇളകി പുറത്തുപോകുന്നതിന് ഇഞ്ചി സഹായകം. ഇഞ്ചി ചതച്ചു നീരെടുത്ത് അതിൽ തേൻ ചേർത്തു കഴിച്ചാൽ ചുമയുടെ ആക്രമണം തടയാം. ചതച്ച ഇഞ്ചിയിൽ തേൻ ചേർത്തു കഴിച്ചാലും നന്ന്. ചതച്ച ഇഞ്ചിയും ഉപ്പും ചേർത്തു തിളപ്പിച്ചതു ചെറു ചൂടോടെ കവിൾക്കൊണ്ടാൽ ചുമയും തൊണ്ടവേദനയും പന്പകടക്കും. പ്രതിരോധശക്തി മെച്ചപ്പെടുത്തുന്നതിന് ഇഞ്ചി ഗുണപ്രദം.അതിനാൽ പനി, ജലദോഷം എന്നിവയുടെ ചികിത്സയ്ക്കും സഹായകം. വൈറസ്, ഫംഗസ്, വിഷമാലിന്യങ്ങൾ എന്നിവയ്ക്കെതിരേ പ്രവർത്തിക്കാനുള്ള ശേഷി ഇഞ്ചിക്കുണ്ട്.

പനി കുറയ്ക്കുന്നതിനും സഹായകം. പനിയുള്ളപ്പോൾ ഇഞ്ചി ദിവസവും പലതവണ കഴിക്കുന്നതു ശരീരത്തിലെ വിഷമാലിന്യങ്ങൾ പുറന്തള്ളുന്ന പ്രവർത്തനങ്ങൾക്കു (ഡീടോക്സിഫിക്കേഷൻ) സഹായകം. ചതച്ച ഇഞ്ചി ചേർത്തു വെള്ളം തിളപ്പിച്ച് ആവി കൊള്ളുന്നതു പനിയുമായി ബന്ധപ്പെട്ട മൂക്കടപ്പും കഫക്കെട്ടും മറ്റു ലക്ഷണങ്ങളും ഒഴിവാക്കുന്നതിനു ഫലപ്രദം.

**കാൻസർ തടയുന്നതിന്**

അണ്ഡാശയ കാൻസർ ചികിത്സയ്ക്ക് ഇഞ്ചി ഫലപ്രദമാണെന്നു മിഷിഗൺ സർവകലാശാല നടത്തിയ പഠനങ്ങൾ പറയുന്നു. കൊളോ റെക്റ്റൽ കാൻസർ കോശങ്ങളുടെ വളർച്ചയുടെ തോതു കുറയ്ക്കുന്നതിന് ഇഞ്ചി ഗുണപ്രദമെന്നു മിനെസോട്ട സർവകലാശാലയുടെ പഠനം വ്യക്തമാക്കുന്നു. കുടലിലെ കാൻസർ സാധ്യത കുറയ്ക്കു ന്നതിനും ഇഞ്ചി ഫലപ്രദം. ശ്വാസകോശം, സ്തനം, ചർമം, പ്രോസ്റ്റേറ്റ്, പാൻക്രിയാസ് എന്നിവയെ ബാധിക്കുന്ന കാൻസറുകൾ തടയുന്നതിനും ഇഞ്ചി ഗുണപ്രദമാണെന്നു വിവിധ പഠനങ്ങൾ സൂചന നല്കുന്നു.

പ്രായമായവർക്ക് നീർവീക്കവും വേദനയും തടയുന്ന ഇഞ്ചിയുടെ സ്വഭാവം ഗൗട്ട്, റുമാറ്റോയ്ഡ് ആർത്രൈറ്റിസ്, ഓസ്റ്റിയോ ആർത്രൈറ്റിസ് തുടങ്ങിയ രോഗങ്ങളുമായി ബന്ധപ്പെട്ട വേദന കുറയ്ക്കുന്നതിനു സഹായകം. (സന്ധികൾ, പേശികൾ എന്നിവയുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ കുറയ്ക്കുന്നതിനു സഹായകം.) കാൽമുട്ടിൽ ഓസ്റ്റിയോ ആർത്രൈറ്റിസുമായി ബന്ധപ്പെട്ട ലക്ഷണങ്ങൾ കുറയ്ക്കുന്നതിന് ഇഞ്ചിയുടെ സത്ത് ഫലപ്രദമെന്നു പഠനം. ഇഞ്ചി ചേർത്തു പാകം ചെയ്ത ഭക്ഷണം കഴിക്കുന്നതും അഭികാമ്യം.

**ഹൃദയാരോഗ്യം മെച്ചപ്പെടുത്താൻ**

കൊളസ്ട്രോൾ കുറയ്ക്കുന്നതിന് ഇഞ്ചി ഗുണപ്രദം. രക്തസമ്മർദം നിയന്ത്രിതമാക്കുന്നു. ഹൃദയരോഗങ്ങൾക്ക് ഇടനല്കുന്ന രക്തം കട്ടിയാകൽ തടയുന്നതിനും ഇഞ്ചി ഫലപ്രദം. ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നതു തടയുന്നു. ഹൃദയാഘാതം, സ്ട്രോക്ക് എന്നിവയ്ക്കുള്ള സാധ്യത കുറയ്ക്കുന്നു.

**പ്രമേഹനിയന്ത്രണത്തിന്**

രക്തത്തിലെ പഞ്ചസാരയുടെ തോതു നിയന്ത്രിതമാക്കുന്നതിന് ഇഞ്ചി ഫലപ്രദം. ഒരു ഗ്ലാസ് ചെറു ചൂടുവെള്ളത്തിൽ ഒരു ടീ സ്പൂൺ ഇഞ്ചിനീരു ചേർത്ത് രാവിലെ വെറുംവയറ്റിൽ പതിവായി കഴിക്കുന്നതു രക്തത്തിലെ പഞ്ചസാര നിയന്ത്രിതമാക്കുന്നതിനു ഗുണപ്രദം. പ്രമേഹ അനുബന്ധ പ്രശ്നങ്ങൾ ഒരു പരിധിവരെ കുറയ്ക്കുന്നതിനും ഇഞ്ചി സഹായകം. പ്രമേഹബാധിതരുടെ ഞരന്പുകളുടെ ആരോഗ്യ സംരക്ഷണത്തിനും ഇഞ്ചി ഗുണപ്രദം. പക്ഷേ, ഹൃദയ സംബന്ധമായ രോഗങ്ങൾ, ഉയർന്ന രക്തസമ്മർദം തുടങ്ങിയവയ്ക്കു മരുന്നുകൾ കഴിക്കുന്നവർ ചികിത്സകൻറെ അറിവോടെ മാത്രമേ ഇഞ്ചി പതിവായി ഉപയോഗിക്കാവൂ.

മൈഗ്രേൻവേദനയിൽ നിന്ന് ആശ്വാസമേകാൻ ഇഞ്ചി ഗുണപ്രദമെന്നു ഗവേഷണങ്ങൾ സൂചന നല്കുന്നു. മൈഗ്രേൻ തലവേദനയും അനുബന്ധപ്രശ്നങ്ങളും കുറയ്ക്കുന്നതിന് ഇഞ്ചി ചേർത്ത ചായ ഗുണപ്രദം. ഗർഭിണികളെ മനംപിരട്ടൽ, ഛർദി എന്നിവയിൽ നിന്നു രക്ഷിക്കുന്നതിന് ഇഞ്ചി ഫലപ്രദം. ഇഞ്ചി ചതച്ചതു തേൻ ചേർത്തു ചവച്ചുകഴിക്കണം. ദഹനക്കേടു മൂലമുള്ള മനംപിരട്ടൽ തടയുന്നതിനും ഫലപ്രദം.

ശരീരത്തിന്റെ മെറ്റബോളിക് നിരക്ക് കൂട്ടുന്നതിനും ഇഞ്ചി ചേർത്ത ഭക്ഷണം സഹായകം. (നാം കഴിക്കുന്ന ഭക്ഷണം യഥാവിധി ദഹിച്ച് ഊർജമായി മാറുന്ന പ്രവർത്തനങ്ങളാണ് മെറ്റബോളിസം എന്നറിയപ്പെടുന്നത്). ഭക്ഷണത്തിൽ നിന്നു പോഷകങ്ങൾ ശരീരത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്ന പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു സഹായകം. ഇഞ്ചിയിലുള്ള ക്രോമിയം, മഗ്നീഷ്യം, സിങ്ക് എന്നീ പോഷകങ്ങൾ രക്തസഞ്ചാരം മെച്ചപ്പെടുത്തുന്നതിനു സഹായകം. ചുരുക്കത്തിൽ അടുക്കളയിൽനിന്ന് അകറ്റി നിർത്താനാകാത്ത സുഗന്ധദ്രവ്യമാണ് ഇഞ്ചി.

# അർധ സെഞ്ചുറി പൂർത്തിയാക്കി സഞ്ജു സാംസൺ; മഹാരാഷ്ട്രയ്ക്കെതിരെ കേരളം പൊരുതുന്നു, നാല് വിക്കറ്റ് നഷ്ടം



തിരുവനന്തപുരം: രഞ്ജി ട്രോഫിയിൽ മഹാരാഷ്ട്രയ്ക്കെതിരായ മത്സരത്തിൽ സഞ്ജു സാംസണ് അർധ സെഞ്ചുറി. കേരളത്തിന് വേണ്ടി 50 റൺസ് നേടിയ താരം ഇപ്പോഴും ക്രീസിൽ തുടരുന്നു. ക്യാപ്റ്റൻ മുഹമ്മദ് അസറുദ്ദീനാണ് (17) സഞ്ജുവിന് കൂട്ട്. കാര്യവട്ടം, ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ മഹാരാഷ്ട്രയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 239നെതിരെ കേരളം മൂന്നാം ദിനം ഒടുവിൽ വിവരം ലഭിക്കുമ്പോൾ നാല് വിക്കറ്റ് നഷ്ടത്തിൽ 110 റൺസെടുത്തിട്ടുണ്ട്. ഇപ്പോഴും 129 റൺസ് പിറകിലാണ് കേരളം. ഇന്ന് സച്ചിൻ ബേബിയുടെ (7) വിക്കറ്റാണ് കേരളത്തിന് നഷ്ടമായത്.

കേരളം മൂന്നിന് 35 എന്ന നിലയിലാണ് കേരളം ഇന്ന് ബാറ്റിംഗിനെത്തിയത്. പിന്നീട് സഞ്ജു - സച്ചിൻ സഖ്യം 40 റൺസ് കൂട്ടിചേർത്തു. എന്നാൽ സച്ചിൻ ബേബിയെ പുറത്താക്കി രാമകൃഷ്ണ ഘോഷ് മഹാരാഷ്ട്രയ്ക്ക് ബ്രേക്ക് ത്രൂ നൽകി. ഏഴ് റൺസ് മാത്രമെടുത്ത സച്ചിൻ ബേബി പുറത്ത്. വിക്കറ്റ് കീപ്പർ സൗരഭ് നവാലെയ്ക്ക് ക്യാച്ച് നൽകിയാണ് സച്ചിൻ ബേബി മടങ്ങുന്നത്. ഇതിനിടെ സഞ്ജു ഒരു ഭാഗത്ത് ആക്രമിച്ച് കളിക്കുന്നുണ്ടായിരുന്നു. 51 പന്തുകൾ നേരിട്ട സഞ്ജു ഒരു സിക്സും അഞ്ച് ഫോറും നേടിയിട്ടുണ്ട്.

**ഗുർബാനിയുടെ സൂപ്പർ സ്പെൽ**

അക്ഷയ് ചന്ദ്രൻ (0), ബാബ അപരാജിത് (6), രോഹൻ കുന്നുമ്മൽ (27) എന്നിവരുടെ വിക്കറ്റുകളാണ് കേരളത്തിന് നഷ്ടമായത്. രണ്ട് വിക്കറ്റ് വീഴ്ത്തിയ രജനീഷ് ഗുർബാനിയാണ് ഇന്നലെ കേരളത്തെ തകർത്തത്. അക്ഷയ് ആണ് ആദ്യം മടങ്ങിയത്. ഗുർബാനിയുടെ പന്തിൽ വിക്കറ്റിന് മുന്നിൽ കുടുങ്ങുകയായിരുന്നു താരം. 21 പന്തുകൽ നേരിട്ടെങ്കിലും ഒരു റൺ പോലും നേടാൻ താരത്തിന് സാധിച്ചില്ല. മൂന്നാമനായി ക്രീസിലെത്തിയ അപരാജിതിന് 13 പന്ത് മാത്രമായിരുന്നു ആയുസ്. ഗുർബാനിക്ക് റിട്ടേൺ ക്യാച്ച് നൽകിയാണ് കേരളത്തിന്റെ അതിഥി താരം മടങ്ങുന്നത്. രോഹൻ ഏകദിന ശൈലിയിൽ തുടങ്ങിയെങ്കിലും മുതലാക്കാൻ സാധിച്ചില്ല. 28 പന്തിൽ 27 റൺസെടുത്ത രോഹനെ സക്സേന വിക്കറ്റിന് മുന്നിൽ കുടുക്കുകയായിരുന്നു. പിന്നാലെ മഴയെത്തിയതോടെ മത്സരം നിർത്തിവച്ചു.

**മഹാരാഷ്ട്രയെ രക്ഷിച്ചത് വാലറ്റം**

ആദ്യ ദിനം ഒരു ഘട്ടത്തിൽ അഞ്ചിന് 18 റൺസെന്ന നിലയിൽ തകർന്ന മഹാരാഷ്ട്രയെ റുതുരാജ് ഗെയ്കവാദിന്റെ (91) ഇന്നിംഗ്സാണ് രക്ഷിച്ചത്. ജലജ് സക്സേന 49 റൺസെടുത്തു. ആദ്യ ദിനം 59 ഓവറുകൾ മാത്രമാണ് പൂർത്തിയാക്കാൻ സാധിച്ചിരുന്നത്. ഏഴിന് 179 റൺസെന്ന നിലയിലാണ് മഹാരാഷ്ട്ര രണ്ടാം ദിനം ബാറ്റിംഗിനെത്തിയത്. മഴയെ തുടർന്ന് ഇന്ന് ആദ്യ സെഷനിൽ ഒരു പന്ത് പോലും എറിയാൻ സാധിച്ചിരുന്നില്ല. ലഞ്ചിന് ശേഷമാണ് രണ്ടാം ദിനം ആരംഭിച്ചത്. ഇന്ന് വിക്കി ഒസ്ത്വാൾ (38) രാമകൃഷ്ണ ഘോഷ് (31) എന്നിവർ കൂട്ടിചേർത്ത 59 റൺസാണ് സ്കോർ 200 കടത്തിയത്. ഘോഷിനെ പുറത്താക്കി അങ്കിത് ശർമയാണ് കേരളത്തിന് ബ്രേക്ക് ത്രൂ നൽകിയത്. പിന്നാലെ രജനീഷ് ഗുർബാനിയെ പുറത്താക്കി നിധീഷ് അഞ്ച് വിക്കറ്റ് നേട്ടം പൂർത്തിയാക്കി. ഒസ്ത്വാളിനെ ബേസിലും പുറത്താക്കിയതോടെ മഹാരാഷ്ട്രയുടെ ഇന്നിംഗ്സ് അവസാനിച്ചു. മുകേഷ് ചൗധരി (0) പുറത്താവാതെ നിന്നു.

**തുടക്കം തകർച്ചയോടെ**

ആദ്യദിനം തകർച്ചയോടെയായിരുന്നു മഹാരാഷ്ട്രയുടെ തുടക്കം. സ്കോർബോർഡിൽ റൺസ് ചേർക്കും മുമ്പെ മൂന്ന് വിക്കറ്റുകൾ മഹാരാഷ്ട്രയ്ക്ക് നഷ്ടമായി. ആദ്യ ഓവറിലെ നാലാം പന്തിൽ തന്നെ പൃഥ്വി ഷായെ (0) വിക്കറ്റിന് മുന്നിൽ കുടുക്കി നീധീഷ് തകർച്ചയ്ക്ക് തുടക്കമിട്ടു. തൊട്ടടുത്ത പന്തിൽ സിദ്ധേഷ് വീറിനെ (0) ഗോൾഡൻ ഡക്കാക്കി. രണ്ടാം ഓവറിലെ ആദ്യ പന്തിൽ അർഷിൻ കുൽക്കർണിയെ (0) ബേസിലും മടക്കി. ഇതോടെ റൺസെടുക്കും മുമ്പ് മൂന്ന് വിക്കറ്റുകൾ സന്ദർശകർക്ക് നഷ്ടമായി. ക്യാപ്റ്റൻ അങ്കിത് ബാവ്നെ കൂടി പൂജ്യത്തിന് മടങ്ങിയതോടെ അഞ്ച് റൺസിനിടെ നാല് വിക്കറ്റുകൾ മഹാരാഷ്ട്രയ്ക്ക് നഷ്ടമായി. ബേസിലിന്റെ തന്നെ പന്തിൽ ബൗൾഡാവുകയായിരുന്നു താരം.

സ്കോർബോർഡിൽ 18 റൺസുള്ളപ്പോൾ സൗരഭ് നവാലെ (12) കൂടി മടങ്ങിയതോടെ മഹാരാഷ്ട്രയുടെ നില ദയനീയമായി. നിധീഷിന്റെ പന്തിൽ വിക്കറ്റിന് മുന്നിൽ കുടുങ്ങുകയായിരുന്നു നവാലെ. തുടർന്ന് ഏഴാം വിക്കറ്റിൽ റുതുരാജ് - ജലജസ് സഖ്യം 122 റൺസ് കൂട്ടിചേർത്തു. ഈ കൂട്ടുകെട്ടാണ് മഹാരാഷ്ട്രയെ കൂട്ടത്തകർച്ചയിൽ നിന്ന് നിന്ന് രക്ഷിച്ചത്. എന്നാൽ ആദ്യ ദിനം ചായക്ക് തൊട്ടുമുമ്പ് ജലജിനെ പുറത്താക്കി, നിധീഷ് കൂട്ടുകെട്ട് പൊളിച്ചു. ചായക്ക് ശേഷം സെഞ്ചുറിയിലേക്ക് നീങ്ങുകയായിരുന്ന റുതുരാജിനെ (91) ഏദൻ ആപ്പിൾ ടോം വീഴ്ത്തിയതോടെ കേരളം വീണ്ടും കളിയുടെ നിയന്ത്രണമേറ്റെടുത്തു. 11 ബൗണ്ടറികൾ പായിച്ച ഗെയ്കവാദ് വിക്കറ്റിന് മുന്നിൽ കുടുങ്ങുകയായിരുന്നു.

കേരളം: മുഹമ്മദ് അസ്ഹറുദ്ദീൻ (ക്യാപ്റ്റൻ & വിക്കറ്റ് കീപ്പർ), ബാബ അപരാജിത്ത്, സഞ്ജു സാംസൺ, സച്ചിൻ ബേബി, എം ഡി നിധീഷ്, അക്ഷയ് ചന്ദ്രൻ, രോഹൻ കുന്നുമ്മൽ, അങ്കിത് ശർമ്മ, ഈഡൻ ആപ്പിൾ ടോം, നെടുമൺകുഴി ബേസിൽ, സൽമാൻ നിസാർ.

മഹാരാഷ്ട്ര: അങ്കിത് ബാവ്നെ (ക്യാപ്റ്റൻ), പൃഥ്വി ഷാ, റുതുരാജ് ഗെയ്ക്വാദ്, സൗരഭ് നവലെ (വിക്കറ്റ് കീപ്പർ), ജലജ് സക്സേന, രജനീഷ് ഗുർബാനി, വിക്കി ഓസ്ത്വാൾ, സിദ്ധേഷ് വീർ, മുകേഷ് ചൗധരി, അർഷിൻ കുൽക്കർണി, രാമകൃഷ്ണ ഘോഷ്.

# പത്ത് വർഷത്തെ ഇടതുഭരണത്തിൽ എല്ലാ തൊഴിൽ മേഖലയും തകർന്നു: ദിനേശ് പെരുമണ്ണ



പെരുമണ്ണ: കഴിഞ്ഞ പത്ത് വർഷത്തെ ഇടതുഭരണത്തിൽ കേരളത്തിലെ എല്ലാ തൊഴിൽമേഖലയും തകർന്നുവെന്ന് ഡിസിസി സെക്രട്ടറി ദിനേശ് പെരുമണ്ണ പറഞ്ഞു. ഏറ്റവും കൂടുതൽ മഴ ലഭിച്ച കാലമായിട്ടും ഇടതുകാലത്ത് മൂന്ന്പ്രാവശ്യം കറന്റ് ചാർജ്ജ് വർദ്ധിപ്പിച്ച് ജനത്തെ ദുരിതത്തിലാക്കി, എന്നാൽ ജീവനക്കാരുടെ 6 ഗഡു ക്ഷാമബത്ത 20% നാളിതുവരെയായിട്ടും കൊടുത്തിട്ടില്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ക്ഷേമനിധി പണം വകമാറ്റിയ സർക്കാരിന് മാപ്പില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പെരുമണ്ണ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ ചേർന്ന കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) ഫറോക്ക് ഡിവിഷൻ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡിവിഷൻ പ്രസിഡന്റ് പി. അലിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഡ്വ.സിബികുട്ടി ഫ്രാൻസിസ് മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി സംഘടനാ വിശദീകരണം നടത്തി. യു.ഡി.ഇ.ഇ.എഫ് സംസ്ഥാന സെക്രട്ടറി അനിൽകുമാർ, ഭാരവാഹികളായ കെ. ദാമോദരൻ, ടി.വി.പി സുരേഷ് ബാബു നാദാപുരം, കെ.കെ രഞ്ജിത്ത്, അഷ്റഫ് കാരാട്, കെ.കെ രതീഷ്, സുനിൽ കക്കുഴി, എ.കെ ജയകൃഷ്ണൻ, ഷിജിത്ത് ചേളന്നൂർ, രാജേഷ് ചാലിയം, എൻ.വി സുദർശനൻ,അനിൽ പയമ്പ്ര, ടി. ശ്രീജിത്ത്, ഇർഷാദ് കെ, പി. രാജേഷ്, ടി.എം ഷാജി തുടങ്ങിയവർ സംസാരിച്ചു.



# ഷാഫി പറമ്പിലിനെ പരിഹസിച്ചെന്ന് ആരോപണം; പ്രതിഷേധത്തിനിടെ പരസ്യം പിൻവലിച്ചു

തിരുവനന്തപുരം: പേരാമ്പ്രയിൽ പൊലീസ് മർദ്ദനത്തിൽ മൂക്കിന് പരിക്കേറ്റ വടകര എംപി ഷാഫി പറമ്പിലിനോട് രൂപസാദ്ധ്യശ്യമുള്ള കാരിക്കേച്ചർ ഉൾപ്പെടുത്തി സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്ത കാർഡ് പിൻവലിച്ച് മിൽമ. കാർഡ് പുറത്തുവന്നതിന് പിന്നാലെ കോൺഗ്രസ്, യുഡിഎഫ് പ്രവർത്തകർ മിൽമ മലബാർ മേഖല യൂണിയന്റെ സോഷ്യൽ മീഡിയ പേജിൽ പ്രതിഷേധിച്ചിരുന്നു.

മൂക്കിന് മുകളിൽ പ്ലാസ്റ്റർ ഒട്ടിച്ച ആളാണ് പരസ്യത്തിലുള്ളത്. 'എനിക്ക് കഴിക്കാനല്ലേ അറിയൂ, വാങ്ങാനറിയില്ലല്ലോ-തൊരപ്പൻ കൊച്ചുണ്ണി' എന്ന തലക്കെട്ടോടെയാണ് കാർഡ്. സിഐഡി മൂസ ചിത്രത്തിൽ ഹരിശ്രീ അശോകന്റെ കഥാപാത്രമാണ് തൊരപ്പൻ കൊച്ചുണ്ണി. ഇതേ കഥാപാത്രം പറയുന്ന ഡയലോഗാണ് മിൽമയുടെ കാർഡിൽ ഉപയോഗിച്ചിരിക്കുന്നത്.

കാർഡ് വിവാദമായതോടെ ആരെയും അപമാനിക്കാനല്ല കാർഡ് പ്രചരിപ്പിച്ചതെന്ന് മിൽമ ചെയർമാൻ കെ എസ് മണി പ്രതികരിച്ചിരുന്നു. മിൽമയുടെ സമൂഹമാധ്യമ ടീമാണ് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ആരെയും രാഷ്ട്രീയമായി ആക്രമിക്കാൻ മിൽമയ്ക്ക് താൽപര്യമില്ല. ഉപഭോക്താക്കളെ ആകർഷിക്കാൻ നല്ല പരസ്യവാചകങ്ങൾ നൽകാറുണ്ട്. അതിനപ്പുറമൊന്നും ഉദ്ദേശിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ ദിവസം മറ്റൊരു കാർഡും മിൽമ പിൻവലിച്ചിരുന്നു. ബിജെപി നടത്തിയ ക്ലിഫ് ഹൗസ് മാർച്ചിനിടെ പൊലീസ് ബാരിക്കേഡ് മറികടന്നു പോകണമെന്ന് ആവശ്യപ്പെട്ട വിദ്യാർത്ഥിയെ കാരിക്കേച്ചറായി ചെയ്ത പരസ്യ കാർഡാണ് പിൻവലിച്ചത്. 'ഡാ മോനേ ഒന്നു കൂളായിക്കേ നീ' എന്ന വാചകത്തോടെയായിരുന്നു പരസ്യം. കുട്ടിയുടെ പിതാവ് മിൽമ അധികൃതർക്ക് പരാതി നൽകിയതോടെയാണ് പരസ്യം പിൻവലിച്ചത്.

# കുറ്റ്യാടി മണ്ഡലത്തിലെ 12 റോഡുകളുടെ പുനരുദ്ധാരണത്തിന് 1.2 കോടി രൂപ അനുവദിച്ചു

കോഴിക്കോട് : കാലവർഷക്കെടുതിയിൽ തകർന്ന കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 12 റോഡുകളുടെ പുനരുദ്ധാരണത്തിന് 1.2 കോടി രൂപ അനുവദിച്ചു. മൊകേരി ഗവ. കോളേജ്-ചെക്കിയാട് റോഡ്, കല്ലിൽമുക്ക്-കോപ്പാലങ്കുനി റോഡ്, പണത്തോടി കനാൽ റോഡ്, തിരുവള്ളൂർ പോസ്റ്റ് ഓഫീസ്-തുരുത്തി റോഡ്, യതീംഖാന-കൊറ്റിയാംവെള്ളിപാറ-മുളിയേരിമുക്ക് റോഡ്, കൂവാട്ട്പാറ-ഒന്തമ്മൽ റോഡ്, പുതിയോട്ടിൽമുക്ക്-നാരങ്ങോളിമുക്ക് റോഡ്, മേലേടത്ത്മുക്ക്-തോണിയോട്ട്മുക്ക് റോഡ്, ബാങ്ക് അരൂർ റോഡ്, കക്കട്ട് പള്ളി-മരുതിയോട്മുക്ക് റോഡ്, ആറങ്ങാട്ട്മുക്ക്-വേളം സൗത്ത് എൽ പി സ്കൂൾ റോഡ്, മണാട്ടിൽമുക്ക്-മീത്തലെ-തൊടുവയൽമുക്ക് റോഡ് എന്നിവക്കാണ് 10 ലക്ഷം രൂപ വീതം അനുവദിച്ചത്. ബ്ലോക്ക് പഞ്ചായത്തുകളിലെ തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗത്തിനാണ് പ്രവൃത്തിയുടെ നിർവഹണ ചുമതല.

നിയോജകമണ്ഡലത്തിലെ നിരവധി റോഡുകൾ തകർന്നത് റവന്യൂ വകുപ്പ് മന്ത്രി കെ രാജന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ് 12 റോഡുകൾ നവീകരിക്കാൻ അനുമതി ലഭിച്ചതെന്ന് കെ പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എംഎൽഎ പറഞ്ഞു.

# ഡോ. ദിവ്യ രവീന്ദ്രൻ അവാർഡ് ഡോ.അർച്ചന എം ജി ക്ക്

തിരുവനന്തപുരം: തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ഗവേഷകയായിരുന്ന ഡോ. ദിവ്യ രവീന്ദ്രന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പുരസ്കാരം ഡോ. അർച്ചന എം ജി ക്ക് സമ്മാനിച്ചു.

മാതളനാരങ്ങയുടെ തോടിൽ നിന്നും വേർതിരിച്ച് എടുത്ത പോളിസാക്രൈഡ്സ് ഉപയോഗിച്ച് സ്തനാർബുദത്തിനെതിരായ നാനോ പാർട്ടിക്കിൾസ് വികസിപ്പിച്ചെടുത്തതിനാണ് പുരസ്കാരം. കീമോതെറാപ്പി മരുന്നായ ഡോക്സോറൂബിസിനും സ്തനാർബുദ രോഗികളിൽ കൂടുതലായി കാണപ്പെടുന്ന ഹെർ 2 എന്ന ജീനിനെ തടയാനുള്ള എസ്ഐആർഎനെയും കൂടി ചേർത്താണ് നോനോ പാർട്ടിക്കിൾസ് വികസിപ്പിച്ചിരിക്കുന്നത്.പതിനായിരത്തൊന്ന് രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം, ആർ സി സിയിൽ നടന്ന ചടങ്ങിൽ ആർ സി സി മുൻ അഡീഷണൽ ഡയറക്ടർ ഡോ.കെ രാംദാസ് സമ്മാനിച്ചു. ആർ സി സി ഡയറക്ടർ ഡോ.രജനീഷ് കുമാർ ആർ, അഡിഷണൽ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ഡോ. ബീല സാറ മാത്യു, റിസർച്ച് ഗൈഡ് ഡോക്ടർ ശ്രീലേഖ ടി ടി എന്നിവർ പങ്കെടുത്തു.

# ജൈവ മാലിന്യ സംസ്ക്കരണ മാതൃകകളൊരുക്കൽ: ശിൽപശാല സംഘടിപ്പിച്ചു

കോഴിക്കോട് : തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ജില്ലാ ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ ജില്ലയിലെ തെരഞ്ഞെടുത്ത ആറ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവമാലിന്യ സംസ്കരണ മാതൃകകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ശിൽപശാല സംഘടിപ്പിച്ചു. വടകര ഗ്രീൻ ടെക്നോളജി സെന്ററിൽ നടന്ന പരിപാടി നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എ.പി പ്രജിത ഉദ്ഘാടനം ചെയ്തു.

വടകര, കൊയിലാണ്ടി നഗരസഭകളിലെയും ഏറാമല, മണിയൂർ, കായണ്ണ, ചേമഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെയും ജനപ്രതിനിധികളും ആരോഗ്യ വിഭാഗവും ഹരിത കർമസേന പ്രതിനിധികളും പങ്കെടുത്ത പരിപാടിയിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സതി കിഴക്കയിൽ അധ്യക്ഷത വഹിച്ചു.

## അറിയിപ്പുകൾ

### സ്പോട്ട് അഡ്മിഷൻ

കോഴിക്കോട് ഡയറ്റിൽ 2025-27 വർഷത്തെ ഡി.എൽ.എഡ് (സംസ്കൃതം) കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് ഒക്ടോബർ 21ന് വടകര പുത്തൂർ സെന്ററിൽ സ്പോട്ട് അഡ്മിഷൻ നടത്തും. അസ്സൽ സർട്ടിഫിക്കറ്റുകൾ, നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, ടി സി, കമ്യൂണിറ്റി, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ സഹിതം രാവിലെ 10ന് ഓഫീസിലെത്തണം. ഫോൺ: 0496 2524426.

### ക്വട്ടേഷൻ ക്ഷണിച്ചു

കോഴിക്കോട് ഗവ. എഞ്ചിനീയറിങ് കോളേജ് സി.സി.എഫ് വിഭാഗത്തിലെ ജനറേറ്റർ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്ന പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചു. പ്രിൻസിപ്പൽ, സർക്കാർ എഞ്ചിനീയറിങ് കോളേജ്, കോഴിക്കോട്, വെസ്റ്റ്ഹിൽ (പിഒ), 673005 എന്ന വിലാസത്തിൽ ഒക്ടോബർ 22ന് ഉച്ചക്ക് രണ്ടിനകം ക്വട്ടേഷൻ ലഭിക്കണം. വിശദാംശങ്ങൾ www.geckkd.ac.in ൽ ലഭിക്കും.

### ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

കോഴിക്കോട് ഗവ. ഐടിഐയിൽ ഫിറ്റർ ട്രേഡിൽ ഇൻസ്ട്രക്ടറെ (എസ്.ഐ.യു.സി.എൻ വിഭാഗം/അഭാവത്തിൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർ) നിയമിക്കും. യോഗ്യത: ബന്ധപ്പെട്ട ട്രേഡിൽ ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ മൂന്ന് വർഷ ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ എൻടിസി/എൻഎസിയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും. വിദ്യാഭ്യാസ യോഗ്യതകൾ, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഒക്ടോബർ 21ന് രാവിലെ 11ന് അഭിമുഖത്തിനെത്തണം. ഫോൺ: 0495 237701, 9447335182.

### പട്ടികജാതി പ്രമോട്ടർ നിയമനം

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പ്രമോട്ടറെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ ഒക്ടോബർ 21ന് രാവിലെ 10.30ന് കോഴിക്കോട് പട്ടികജാതി വികസന ഓഫീസിൽ നടക്കും. യോഗ്യത: പ്ലസ് ടു/തത്തുല്യം. പ്രായപരിധി: 18-40. ജാതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സലും പകർപ്പും സഹിതം എത്തണം. ഫോൺ: 0495 2370379, 2370657.

### സർവേ കോഴ്സ്

സർവേയും ഭൂരേഖയും വകുപ്പിന് കീഴിൽ നവംബറിൽ കോഴിക്കോട് കേന്ദ്രത്തിൽ തുടങ്ങുന്ന മൂന്ന് മാസത്തെ ചെയിൻ സർവേ ലോവർ കോഴ്സിന് എസ്.എസ്.എൽ.സി പാസായവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. 1,750 രൂപയാണ് ഫീസ്. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് ട്യൂഷൻ ഫീസ് സൗജന്യമാണ്. കുന്ദമംഗലം ഗവ. ചെയിൻ സർവേ സ്കൂൾ ഓഫീസിലും കോഴിക്കോട് സർവേ റേഞ്ച് അസി. ഡയറക്ടർ ഓഫീസിലും സർവേ ഡയറക്ടർക്ക് നേരിട്ടും അപേക്ഷകൾ നൽകാം. അപേക്ഷാ ഫോം www.dslr.kerala.gov.in ൽനിന്ന് ഡൗൺലോഡ് ചെയ്യാം. ഫോൺ: 0495 2371554, 8547517194.

### സൈക്യാട്രിക് സോഷ്യൽ വർക്കർ നിയമനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസും (ഇംഹാൻസ്) സാമൂഹികനീതി വകുപ്പും ചേർന്ന് നടത്തുന്ന 'മാനസിക രോഗം നേരിടുന്ന മുതിർന്നവർക്ക് പിന്തുണയും പുനരധിവാസവും' പദ്ധതിയിലേക്ക് ഒരു വർഷത്തേക്ക് സൈക്യാട്രിക് സോഷ്യൽ വർക്കർ കം കേസ് മാനേജറെ നിയമിക്കും. യോഗ്യത: സൈക്യാട്രിക് സോഷ്യൽ വർക്കിൽ എംഫിൽ, രണ്ട് വർഷത്തെ ഫുൾടൈം ക്ലിനിക്കൽ കോഴ്സ്. അപേക്ഷ ഒക്ടോബർ 23ന് വൈകിട്ട് അഞ്ചിനകം ഡയറക്ടർ, ഇംഹാൻസ്, മെഡിക്കൽ കോളേജ് പി.ഒ എന്ന വിലാസത്തിൽ അയക്കണം. വിവരങ്ങൾ www.imhans.ac.in ൽ ലഭിക്കും.

### ടോപ് സ്കോറർ ക്യാഷ് അവാർഡിന് അപേക്ഷിക്കാം

ജില്ലയിൽ 2024-25 അധ്യയന വർഷം സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്ട്രീമിൽ പത്ത്, പ്ലസ് ടു പരീക്ഷകളിൽ 90 ശതമാനം മാർക്ക് ലഭിച്ച വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ടോപ് സ്കോറർ ക്യാഷ് അവാർഡിന് അപേക്ഷിക്കാം. അഗ്രഗേറ്റ് 90 ശതമാനം ലഭിച്ചിട്ടും അപേക്ഷ നിരസിക്കപ്പെട്ടവർക്ക് ഒക്ടോബർ 25നകം ജില്ലാ സൈനികക്ഷേമ ഓഫീസിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാമെന്ന് ജില്ലാ സൈനികക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ: 0495 2771881.

### റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

ജില്ലയിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ സ്കിൽഡ് അസി. ഗ്രേഡ് II (കാറ്റഗറി നമ്പർ: 014/2024) തസ്തികയുടെ റാങ്ക് പട്ടിക ജില്ലാ പി.എസ്.സി ഓഫീസർ പ്രസിദ്ധീകരിച്ചു.

### അംഗത്വം പുനഃസ്ഥാപിക്കാം

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് അംശദായം കുടിശ്ശികയായി അംഗത്വം നഷ്ടമായവർക്ക് കുടിശ്ശിക അടച്ച് അംഗത്വം പുനഃസ്ഥാപിക്കാൻ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ക്യാമ്പ് സംഘടിപ്പിക്കും. തീയതി, സ്ഥലം, സമയം ക്രമത്തിൽ: ഒക്ടോബർ 23: കോഴിക്കോട് തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസ് -രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ. 25: വടകര ദ്വാരക ബിൽഡിങ് -രാവിലെ 11 മുതൽ വൈകീട്ട് മൂന്ന് വരെ. 27: നരിക്കുനി അവറാൻ മാസ്റ്റർ ഓഡിറ്റോറിയം -പത്ത് മുതൽ ഉച്ച രണ്ട് വരെ. 29: കൊയിലാണ്ടി ടൗൺ ഹാൾ -പത്ത് മുതൽ ഉച്ച രണ്ട് വരെ. ഫോൺ: 04936 206426.

# കിറ്റ് വിതരണം

കക്കോടി: കക്കോടി മേഖലാ ശിഹാബ് തങ്ങൾ റിലീഫ് കമ്മറ്റി ഭക്ഷണസാധന കിറ്റ് വിതരണം റാഫി ചെറുകുളം ഉദ്ഘാടനം നിർവഹിച്ചു. കോഡിനേറ്റർ ജാബിർ കക്കോടി സ്വാഗതം പറഞ്ഞു. റിലീഫ്കമ്മിറ്റി കൺവീനർ കെ.പി മജീദ് അധ്യക്ഷത വഹിച്ചു. പ്രമുഖ കോൺട്രാക്ടർ സാലി, വ്യവസായി തയ്യിബ് മാഹി സംസാരിച്ചു. ട്രഷറർ സാജിദ് നന്ദിയും പറഞ്ഞു ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന ഫണ്ട് തൈ ബ്:മാഹിയിൽ നിന്നും കെ പി മജീദ് ഏറ്റുവാങ്ങി.ക്വിസ് മത്സരം നടത്തുന്ന ഫാരിഷ ചെറുകുളത്തിന് കോൺട്രാക്ടർ സാലി സമ്മാനം നൽകി.



*കക്കോടി മേഖലാ ശിഹാബ് തങ്ങൾ റിലീഫ് കമ്മറ്റി ഭക്ഷണസാധന കിറ്റ് വിതരണം ഉദ്ഘാടനം റാഫി ചെറുകുളം നിർവ്വഹിക്കുന്നു*

# സ്പർശ് ഔട്ട്റീച്ച് പരിപാടി ഗവർണർ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം : ഡിഫൻസ് പെൻഷൻകാർക്കുള്ള 'സ്പർഷ് ഔട്ട്റീച്ച് പരിപാടി' കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്ന് (16 ഒക്ടോബർ 2025) പാങ്ങോട് സൈനിക കേന്ദ്രത്തിലെ കരിയപ്പ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു കൺട്രോളർ ജനറൽ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് ശ്രീ രാജ് കുമാർ അറോറ, ഐ.ഡി.എ.എസ്, ചെന്നൈ കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് ശ്രീ ടി. ജയശീലൻ, ഐ.ഡി.എ.എസ് പാങ്ങോട് സൈനിക കേന്ദ്രം ഒഫീഷ്യേറ്റിംഗ് സ്റ്റേഷൻ കമാൻഡർ കേണൽ മഹേശ്വർ സിംഗ് ജാംവാൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ചടങ്ങിൽ അഞ്ച് ഡിഫൻസ് പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശികയായ ഏകദേശം 40 ലക്ഷം രൂപ വിതരണം ചെയ്തു. ചടങ്ങ് അഭിസംബോധന ചെയ്ത ഗവർണർ പ്രതിരോധ പെൻഷനുകളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള ഒരൊറ്റ വേദിയായ സ്പർശിനെ പ്രശംസിച്ചു. ഇങ്ങനെയൊരു പ്രോഗ്രാം സംഘടിപ്പിച്ച ചെന്നൈ സി.ഡി.എ യെ അദ്ദേഹം അഭിനന്ദിച്ചു. രാജ്യത്തിന്റെ അതിർത്തികൾ സംരക്ഷിക്കുന്നതിൽ സേവനത്തിലിരിക്കുന്നവരോ വിരമിച്ചവരോ ആയ സായുധ സേനാംഗങ്ങൾ പുലർത്തിയ സേവനങ്ങൾക്ക് അദ്ദേഹം നന്ദി പറഞ്ഞു. വീർ നാരിമാരുടെ ത്യാഗങ്ങളെ പ്രശംസിച്ച ഗവർണർ അവരെ 'വീർ മാതാ' എന്ന് അഭിസംബോധന ചെയ്യുകയും അവരെ ആദരിക്കുകയും ചെയ്തു.

പെൻഷൻകാരെ അഭിസംബോധന ചെയ്തുകൊണ്ട്, ന്യൂഡൽഹിയിലെ കൺട്രോളർ ജനറൽ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് ശ്രീ. രാജ് കുമാർ അറോറ, ഐ.ഡി.എ.എസ്, പെൻഷൻകാർക്ക് വേണ്ടി സംസാരിക്കവെ, സ്പർഷ് ഇന്ത്യാ ഗവൺമെന്റിന്റെ ഡിജിറ്റൽ ഇന്ത്യ ഇനിഷ്യേറ്റീവിന്റെ ഭാഗമാണെന്നും തടസ്സമില്ലാതെ നേരിട്ടുള്ള ബാങ്ക് ട്രാൻസ്ഫർ ഉറപ്പാക്കുന്നുവെന്നും അറിയിച്ചു. 1200 കോടി രൂപയിലധികം വരുന്ന ഛഞ്ഛരജന്റെ കുടിശ്ശിക തുക മൂന്ന് തവണയായി 20 ലക്ഷത്തിലധികം പ്രതിരോധ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും വെറും 15 ദിവസത്തിനുള്ളിൽ വിതരണം ചെയ്തതായും അദ്ദേഹം പരാമർശിച്ചു. പരമാവധി പരാതികൾ പരിഹരിക്കുന്നതിനും പെൻഷൻകാരുടെ വീട്ടുപടിക്കൽ പെൻഷൻ സംബന്ധിച്ച സേവനങ്ങൾ നൽകുന്നതിനുമായി ഇന്ത്യയിലുടനീളം സ്പാർഷ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ നടത്തുന്നു.

തിരുവനന്തപുരത്തുനിന്നും സമീപ ജില്ലകളിൽ നിന്നുമുള്ള 1000-ത്തിലധികം മുൻ സൈനികർ, വിരമിച്ച പ്രതിരോധ സിവിലിയൻമാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്പർശ്, പ്രതിരോധ റെക്കോർഡ് ഓഫീസുകൾ, ബാങ്കുകൾ എന്നിവയുടെ വിവിധ സ്റ്റാളുകൾ വേദിയിൽ പ്രവർത്തിച്ചിരുന്നു.

പ്രതിരോധ പെൻഷനുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെ പ്രതിനിധികളും എസ്ബിഐ, ഐസിഐസിഐ, കാനറ ബാങ്ക് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. പെൻഷൻകാരുടെ പെൻഷൻ സംബന്ധമായ മിക്ക പ്രശ്നങ്ങളും അവിടെയുള്ള ഏജൻസികളുടെ സഹായത്തോടെ പരിഹരിക്കപ്പെടുന്നതിനാൽ പരിപാടി വളരെ ഉപയോഗപ്രദമായിരുന്നു.

